**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 256** **10-06-2024-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകൾ നവീകരിക്കുന്നത് സംബന്ധിച്ച്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ജെ. മാക്സി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**മറുപടി:** പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ആർദ്രം എന്ന ബൃഹത് പദ്ധതി സർക്കാർ രൂപീകരിക്കുകയുണ്ടായി. ജീവിത ശൈലി രോഗനിർണ്ണയ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴ്ചയിൽ ആറു ദിവസം എൻ.സി.ഡി ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ശ്വാസകോശ രോഗമായ COPD, ആസ്ത്മ എന്നിവ നിയന്ത്രിക്കുന്നതിന് ശ്വാസ് എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 172 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയബെറ്റിക് റെറ്റിനോപ്പതി പരിശോധിക്കുന്നതിനായി നോൺ മടിയാടിക് ക്യാമറകൾ വാങ്ങുകയും ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ലക്ഷ്യ പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി എല്ലാ ജില്ലകളിലും കൗമാര കൗൺസിലിംഗ് സേവനങ്ങൾ നൽകാൻ പ്രത്യേക കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ, വിളർച്ച രോഗം തടയുവാൻ VIVA പദ്ധതിയുമായി ചേർന്ന് WIFS എന്ന പേരിൽ ഇരുമ്പ് ഫോളിക് ആസിഡ് പോഷണ ഗുളികകളുടെ വിതരണം മുതലായവ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാന ആശുപത്രികളിലും, താലൂക്ക് ആസ്ഥാന ആശുപത്രികളിലും തിമിര ശസ്ത്രക്രിയ, മറ്റ് നേത്രസംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്ക് ചികിത്സ ലഭ്യമാണ്. കൂടാതെ വാർഷിക ആരോഗ്യ പരിശോധന, ക്യാൻസർ നിയന്ത്രണ പദ്ധതി, നിർണ്ണയ- ഹബ്ബ് ആൻഡ് സ്പോക് മോഡൽ ലാബ് നെറ്റ്‌വർക്ക്സ്, വയോജന സാന്ത്വന പരിചരണം, ഏകാരോഗ്യ സമീപനം മന്ത്, കാലാ അസാർ, ക്ഷയ രോഗങ്ങളുടെ നിവാരണ പ്രവർത്തനം, ഹെൽത്തി ലൈഫ് ക്യാമ്പയിൻ, ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും എന്നിവയും ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു.

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കി വരികയാണ്. അതനുസരിച്ച് കേരളത്തിലെ അംഗീകൃത ചികിത്സ സമ്പ്രദായങ്ങളിലെ സ്ഥാപനങ്ങൾ എല്ലാം തന്നെ രജിസ്റ്റർ ചെയ്തു വരുന്നു. പൊതു ജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം നിലവിലുണ്ട്.

ആർ.സി.സിയിൽ ആധുനിക 3T MRI സ്കാൻ, 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവ പ്രവർത്തനമാരംഭിച്ചു. ഹൈടെക് ചികിത്സാ സംവിധാനം സജ്ജമാക്കുകയും അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനം, റോബോട്ടിക് ശസ്ത്രക്രിയ യൂണിറ്റ് എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോബോട്ടിക് സർജറി എന്ന നൂതന ചികിത്സാ സങ്കേതം ഒരുക്കുന്നതിന്റെ ഭാഗമായി സർജൻസ്, നഴ്സസ്, അനസ്തേഷ്യ ടെക്നിഷ്യൻസ്, അനസ്തറ്റിസ്റ്റ്, തിയേറ്റർ സ്റ്റാഫ് എന്നിവർക്കുള്ള സ്പെഷ്യലൈസ്ഡ് ട്രെയിനിംഗും നൽകിവരുന്നു.

ആരോഗ്യ സംരക്ഷണം സംബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്ന പദ്ധതി ചുവടെ ചേർക്കുന്നു.

**ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ അർഹമായ കുടുംബത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. സംസ്ഥാനത്ത് ആകെ 578 ആശുപത്രികൾ കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളതാണ്. അതിൽ സ്വകാര്യ ആശുപത്രികൾ 376, സർക്കാർ ആശുപത്രികൾ 202. നിലവിൽ 41.96 ലക്ഷം കുടുംബങ്ങളാണ് സംസ്ഥാനത്ത് പദ്ധതിയുടെ ഗുണഭോക്താക്കൾ

**കാരുണ്യാ ബെനവലന്റ് ഫണ്ട്**

സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വരെ സർജറി ഉൾപ്പെടെയുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അധിക ചികിത്സാ ആനുകൂല്യം നൽകുന്നതാണ്. 2019 ജൂലൈ 1 മുതൽ 3 ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്ക് കാസ്പ് ആനുകൂല്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കെ.ബി.എഫ് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാം.

**ആരോഗ്യ കിരണം പദ്ധതി**

പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്കു പുറമേ എല്ലാ രോഗങ്ങൾക്കും മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP, IP) ഉൾപ്പെടെയാണ് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നത്.

**ശ്രുതിതരംഗം പദ്ധതി**

ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. പദ്ധതി മുഖാന്തിരം പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന 0-5 വയസ്സ് പ്രായമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷനും (എ.വി.എച്ച്), കോക്ലിയാർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും പ്രോസസ്സർ അപ്ഗ്രേഡേഷനും പദ്ധതിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ സൗജന്യമായി ലഭ്യമാകുന്നു.

ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് വഴി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** അതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ;

**മറുപടി:** മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 903,53,12 571 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വാർഡുകളുടേയും കിടക്കകളുടേയും എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി പുതിയ സർജിക്കൽ കം ഒ.റ്റി കോംപ്ലക്സ്, പീഡിയാട്രിക് ബ്ലോക്ക് എന്നിവ പൂർത്തിയാകുമ്പോൾ 500-ൽ പരം ബെഡ്ഡുകളുടെ വർദ്ധനവുണ്ടാവും. ഈ കോംപ്ലക്സിൽ 32 ഓപ്പറേഷൻ തീയേറ്ററും ഉണ്ടാകുന്നതാണ്.

കോട്ടയം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ്, പാൻഡമിക് ഐ.സി.യു എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയത് പൂർത്തിയാകുമ്പോൾ കിടക്കകളുടേയും വാർഡുകളുടേയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവും.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് കെയർ ബ്ലോക്ക് എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ബെഡ്ഡുകളുടേയും വാർഡുകളുടേയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 2023-ൽ പ്രവർത്തനം ആരംഭിച്ചു. ആയതിൽ 190 ICU ബെഡ്ഡുകൾ ഉൾപ്പെടെ 500 ബെഡ്ഡുകൾ ഉണ്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ 2023 -ൽ പണി പൂർത്തിയാക്കി പുതിയ ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചതോടുകൂടി കിടക്കകളുടെ എണ്ണത്തിലും, വാർഡുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ 500 കിടക്കകളോടു കൂടിയ മദർ & ചൈൽഡ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

ഇടുക്കി മെഡിക്കൽ കോളേജിൽ പഴയ ജില്ലാ ആശുപത്രി കെട്ടിടത്തിനു പുറമേ ആശുപത്രി ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചു. OP, IP സെൻട്രൽ ലാബ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയുടെ രണ്ടാമത്തെ ബ്ലോക്കിന്റെ പണികൾ 80% പൂർത്തിയായി. ഈ കെട്ടിടം പൂർത്തിയാകുന്നതോടെ 500 ഓളം കിടക്കകളുടെ വർദ്ധനവുണ്ടാകും.

കാസർഗോഡ് മെഡിക്കൽ കോളേജിൽ 500 കിടക്കകളോടു കൂടിയ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

കോന്നി മെഡിക്കൽ കോളേജിൽ, 200 കിടക്കകളുള്ള ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**(ഡി)** മെഡിക്കൽ കോളേജുകളിൽ സി. ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ തുടങ്ങിയ സൗകര്യങ്ങൾ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ടി സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും രോഗീ ബാഹുല്യം മൂലം ചില അവസരങ്ങളിൽ OP രോഗികൾക്ക് കാത്തിരിക്കേണ്ടി വരുന്നുണ്ട്. എങ്കിൽകൂടിയും രോഗാവസ്ഥ, പരിക്കിന്റെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ അടിയന്തര സാഹചര്യങ്ങളിൽ താമസം കൂടാതെതന്നെ ടി സംവിധാനങ്ങൾ/സേവനങ്ങൾ രോഗികൾക്ക് നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം 256 ൻറെ അനുബന്ധം

ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

## തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എമർജൻസി മെഡിസിൻ വകുപ്പിന്റെ കീഴിൽ Quality Improvement Initiative എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. രോഗീ സംരക്ഷണം, ലാബ് സർവ്വീസസ് മറ്റ് സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇത് മൂലം സാധിച്ചിട്ടുണ്ട്. കരൾ മാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. 69 ലക്ഷം രൂപ ചിലവിൽ യെല്ലോ സോണിൽ ബൈസ്റ്റാന്ഡേഴ്സ് ഷെൽറ്ററിന് തറക്കല്ലിട്ടു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ 571 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 200- ൽ നിന്നും 250 ആക്കി വർദ്ധിപ്പിച്ചു. പി.ജി സീറ്റുകളുടെ എണ്ണം 218 ൽ നിന്നും 254 ആയും വർദ്ധിപ്പിച്ചു സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ ആകെ 312 സീറ്റുകൾ നിലവിലുണ്ട്. കൂടാതെ എമർജൻസി മെഡിസിൻ & ട്രോമകെയർ, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി, റീപ്രൊഡക്ടീവ് മെഡിസിൻ എന്നീ വകുപ്പുകൾ ആരംഭിച്ചു.

എസ്.എ.റ്റി ആശുപത്രിയിൽ 'ലക്ഷ്യ' എന്ന പദ്ധതി നടപ്പിലാക്കി. പ്രസവത്തിനായി വരുന്ന അമ്മയ്ക്കും കുഞ്ഞിനും പ്രസവമുറിയിലും ഓപ്പറേഷൻ തീയറ്ററിലും നാഷണൽ സ്റ്റാന്ഡേർഡ് ലെവലിലുള്ള ക്വാളിറ്റി ഉറപ്പാക്കുന്ന സംവിധാനമാണ് 'ലക്ഷ്യ' (Quality Improvement Programme). എസ്.എ.റ്റി ആശുപത്രിയിൽ കുട്ടികൾക്കായി "തളിരുകൾ" പദ്ധതി രൂപീകരിച്ചു. SAT യിൽ ജനറ്റിക്സ് വിഭാഗം ആരംഭിച്ചു. കൂടാതെ Rare Diseases പീഡിയാട്രിക് വകുപ്പിന്റെ കീഴിൽ ഒരു ഒ.പി ആരംഭിച്ചു. SAT യിലെ Rare Diseases ന്റെ ചികിത്സയ്ക്കുള്ള Centre Of Excellence പദവി ലഭിച്ചു

- കിഫ്ബിയുടെ സഹായത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാന് പദ്ധതി പ്രകാരം റോഡ് വികസനം, ഫ്ലൈ ഓവർ നിർമ്മാണം, പാലങ്ങൾ , വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 58.37 കോടിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

- ഇതിന്റെ രണ്ടാം ഘട്ടം - രോഗി പരിചരണത്തിന്റേയും അക്കാഡമിക് സൗകര്യങ്ങളുടേയും വികസനമാണ്. എം.എൽ.റ്റി ബ്ലോക്ക് 49% പൂർത്തിയായി.
- ഒ.റ്റി കം സർജിക്കൽ ബ്ലോക്ക് - ഘടനാപരമായ ഡിസൈന് അന്തിമമായി. റിവൈസ്ഡ് സാമ്പത്തിക അനുമതിയ്ക്ക് വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.
- എസ്.എ.റ്റി പുതിയ ബ്ലോക്ക് - ഘടനാപരമായ ഡിസൈൻ അന്തിമമായി.
- ഹോസ്റ്റൽ ബ്ലോക്ക് - മണ്ണു പരിശോധന പുരോഗമിക്കുന്നു.
- ഇലക്ട്രിക്കൽ/വാട്ടർ /ടെലിഫോൺ എക്സ്ചേഞ്ച് വർദ്ധിപ്പിക്കൽ - എസ്റ്റിമേറ്റ് തയ്യാറാക്കി.
- മൾട്ടി ലെവൽ കാർ പാർക്കിംഗിനായി റിവൈസ്ഡ് സാമ്പത്തികാനുമതിയ്ക്ക് വേണ്ടി KIIFB ൽ സമർപ്പിച്ചിട്ടുണ്ട്.
- ഉപകരണങ്ങളുടെ സംഭരണം - ഇമേജിയോളജി കോംപ്ലക്സ് (മെഷീൻ മുതലായവ) ഉൾപ്പെടെ പ്രധാന ഉപകരണങ്ങളുടെ/ഫർണിച്ചറുകളുടെ/ യൂട്ടിലിറ്റി ഇനങ്ങളുടെ ലിസ്റ്റ് KIIFB അംഗീകരിച്ചു. മേജർ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാരിന്റെ അമൃതം പദ്ധതിയിൽ ഉൾപ്പെടുത്തി 5 MLD യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും 150 Kg/hour ന്റെ ഇന്സിനറേറ്ററും സ്ഥാപിച്ചു.
- ക്യാൻസർ ചികിത്സയ്ക്കായി ആധുനിക ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ 18 കോടി ചെലവിൽ സ്ഥാപിച്ചു.
- ക്യാൻസർ ചികിത്സയ്ക്കും രോഗ നിർണ്ണയത്തിനും ഉപയോഗിക്കുന്ന മറ്റൊരു ആധുനിക ഉപകരണമായ ടെലി കൊബാൾട്ട് മെഷീൻ 3.58 കോടി ചെലവിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ സ്ഥാപിച്ചു.
- ന്യൂറോളജി വകുപ്പിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്ട്രോക്ക് ഐ.സി.യു 0.97 കോടി ചെലവിൽ സ്ഥാപിച്ചു.
- മസ്തിഷ്കവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കൃത്യമായ നിർണ്ണയത്തിന് 4.4 കോടി രൂപ ചെലവിൽ സി.റ്റി ആൻജിയോഗ്രാം ഉപകരണം പ്രവർത്തന ക്ഷമമാക്കി.
- ന്യൂറോളജി വിഭാഗത്തിൽ 5.15 കോടി ചെലവിൽ ന്യൂറോളജി കാത്ത് ലാബ് സ്ഥാപിച്ചു.
- 98 ലക്ഷം രൂപാ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 7 നവീകരിച്ചു.

- 95 ലക്ഷം രൂപാ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 8 നവീകരിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജ് രോഗി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എയർ പോർട്ട് ചെയർ, റാംപ്, പെയിന്റിംഗ്, ആർട്ട് വർക്ക്, പി.എ സിസ്റ്റം തുടങ്ങിയവ പൂർത്തീകരിച്ചു. വാട്ടർപ്യൂരിഫയർ, ടോയ് ലറ്റ്, നഴ്സിംഗ് സ്റ്റേഷൻ എന്നിവ സജ്ജീകരിച്ചു.
- NPPMBI സ്കീം മുഖേന കേന്ദ്ര സംസ്ഥാന വിഹിതം ഉപയോഗിച്ച് ബേൺസ് യൂണിറ്റ് സ്ഥാപിച്ചു. 8 കിടക്കകളോടു കൂടിയ ബേൺസ് ഐ.സി.യു സജ്ജമാക്കി, ബേണ്സ് ഒ.റ്റി സജ്ജമാക്കി.
- ന്യൂക്ലിയാർ മെഡിസിന് വിഭാഗത്തിൽ SPECT സ്കാനർ പ്രവർ ത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
- AERB ൽ നിന്നും ലഭിക്കേണ്ട ഐസോടോപ്പുകളുടെ പർ ച്ചേസ് എച്ച്.ഡി.എസ് മുഖേന പുരോഗമിക്കുന്നു.
- 2021 സെപ്റ്റംബറിൽ പീഡിയാട്രിക് കാർ ഡിയോ വാസ്കുലർ തൊറാസിക് സർജറി വിഭാഗം ആരംഭിച്ചു.
- കുട്ടികൾ ക്കായി മാത്രം ഹൃദയ ശസ്ത്രക്രിയ തീയറ്ററും, കാത്ത് ലാബും പ്രവർത്തിച്ചു വരുന്നു. ജൻമനായുള്ള ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ഹൃദ്യം പദ്ധതി വഴി സൗജന്യമായി ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ ചെയ്തു വരുന്നു.
- എസ്.എം.എ ക്ലിനിക്ക് 2022 ഫെബ്രുവരിയിൽ ആരംഭിച്ചു.
- സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖം മൂലം കഷ്ടത അനുഭവിക്കുന്ന കുഞ്ഞുങ്ങളുടെ സമഗ്ര ചികിത്സ ലക്ഷ്യം വച്ച് കേരളത്തിൽ ആദ്യമായി സർക്കാർ തലത്തിൽ എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ പ്രവർ ത്തിച്ചു വരുന്നു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച ഈ ക്ലിനിക് പ്രവർ ത്തിച്ചു വരുന്നു.
- 2022 ആഗസ്റ്റിൽ ഇ.ആർ .സി.പി പദ്ധതി മുഖേന 32 കിടക്കകളും, 10 വെന്റിലേറ്ററുകളുമുള്ള പീഡിയാട്രിക് ഐ.സി.യു പ്രവർ ത്തനം ആരംഭിച്ചു.
- അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് എസ്.എ.റ്റി.
- പീഡിയാട്രിക് വിഭാഗത്തിൽ കുട്ടികളിലെ ഡയബറ്റിക് ചികിത്സയ്ക്കായി

മിഠായി ക്ലിനിക് ആരംഭിച്ചു.

- നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.
- കുട്ടികളുടെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ആരംഭിച്ചു.
- ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആർ ദ്രം പദ്ധതിയുടെ കീഴിൽ ഗർ ഭിണികൾ ക്കും, രോഗികൾ ക്കും ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ ഒ.പി പണി കഴിപ്പിച്ചു.

1. ഇന്സിനറേറ്റർ

ബയോമെഡിക്കൽ അല്ലാത്ത ആശുപത്രി മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർ ഡിന്റെ നിയമങ്ങൾ ക്ക് അനുസൃതമായി മണിക്കൂറിൽ 160 കിലോ മാലിന്യങ്ങൾ നിർ മ്മാർ ജനം ചെയ്യുന്നതിന് വേണ്ടിയുള്ള ഇൻസിനറേറ്റർ 1.20 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ചു.

2. സി.ഒ.കെ ഓഡിറ്റോറിയത്തിന്റെ നവീകരണം

ഡോ. സി.ഒ കരുണാകരന് മെമ്മോറിയൽ ഓഡിറ്റോറിയത്തിന്റെ പ്രവേശന കവാടം നിർ മ്മിക്കുന്നതിനും വശങ്ങളിൽ ടൈൽ പാകി നവീകരിക്കുന്നതിനുമായി പതിനേഴ് ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ പണിപൂർ ത്തിയാക്കുകയും ചെയ്തു.

3. എച്ച്.എഫ്.ഒ വെന്റിലേറ്റർ

നവജാത ശിശുക്കൾക്കും കുട്ടികൾക്കും ഒരുപോലെ പ്രയോജനം കിട്ടുന്ന എച്ച്.എഫ്.ഒ വെന്റിലേറ്റർ 21.36 ലക്ഷം രൂപ ചെലവഴിച്ച് പീഡിയാട്രിക്സ് വിഭാഗത്തിന് വാങ്ങി ഉപയോഗിച്ച് വരുന്നു.

4. പോർട്ടബിൾ കളർ ഡോപ്ലർ ടൈപ്പ് സി –

06.07.2023 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നം. 1616/123/ആ.കു.വ പ്രകാരം ഇരുപത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ് രൂപ അനുവദിക്കുകയും പോർട്ടബിൾ കളർ ഡോപ്പ്ളർ ടൈപ്പ്-സി – പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിന് വാങ്ങി ഉപയോഗിച്ചു വരുന്നു.

5. Laser with 60w and all accessories

06.07.2023 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നം. 1616/123/ആ.കു.വ പ്രകാരം

നാൽപ്പത്തിയെട്ട് ലക്ഷത്തി പതിനാറായിരം രൂപ അനുവദിക്കുകയും അത് ഉപയോഗിച്ച് Laser with 60w and all accessories - Urologyവിഭാഗത്തിൽ ഉപകരണം വാങ്ങി ഉപയോഗിച്ച വരുന്നു.

6. പോർട്ടബിൾ ഡിജിറ്റൽ റേഡിയോഗ്രാഫ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി KIIFB യുടെ സഹായത്തോടെ ഒരു കോടി പതിനാറ് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്പത് രൂപ ചിലവാക്കി റേഡിയോഡയഗ്നോസ്റ്റിക്സ് വിഭാഗത്തിന്റെ കീഴിൽ വാങ്ങിയ പോർ ട്ടബിൾ മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീന് രോഗികളുടെ അടുത്തുപോയി എക്സ്റേ എടുക്കാന് കഴിയുന്ന ഉപകരണമാണ്. ഇത് കിടപ്പുരോഗികൾക്ക് വളരെ പ്രയോജനം ചെയ്യുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് വാങ്ങിയ പ്രധാനപ്പെട്ട ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | ഡിപ്പാർട്ട്മെന്റ് | വില |
|---|---|---|
| Portable USG | Cardiology | 25.00.000/- |
| Furniture for SAT | Various Departments | 25.03.000/- |
| Refrigerated Centrifuge | Transfusion Medicine | 45.00.000/- |
| Haemodialysis Machine | Nephrology | 59.42.000/- |
| Endobronchial Ultrasound | Pulmonary Medicine | 10.992.658/- |
| Introvascular USG | Cardiology | 70.00.000/- |
| Anaesthesia Work Station | OBG | 56.00.000/- |
| Laser with 60w and all accessories | Urology | 48.16.000/- |
| Committed Neonatal Ventilator | Neurology | 23.50.000/- |

| | | |
|---|---|---|
| HFO Ventilator | Paediatrics | 21,36,960/- |
| Portable UCG Colar Doppler Type-C | Paediatric Nephrology | 20,61,300/- |

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിനു കീഴിൽ കാർഡിയാക് സർജറി തീയറ്റർ പ്രവർത്തനം ആരംഭിച്ചു.
- ഇ- ഹെൽത്ത് പ്രാവർത്തികമാക്കി എല്ലാവിധ ഹെൽത്ത് സ്കീമുകൾ വഴി രോഗികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നു.
- പുതിയ നെഫ്രോ-ന്യൂറോ വാർഡ് പണി പൂർത്തിയാക്കി.
- 2024 ലക്ഷ്യ (Maternal OTX Labour Room) നുള്ള ദേശീയ അംഗീകാരം ലഭിച്ചു.
- പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും സൗജന്യമായി വാഹനത്തിൽ വീട്ടിൽ എത്തിക്കുന്ന മാതൃയാനം പദ്ധതി ആരംഭിച്ചു.
- ശ്വാസകോശ രോഗങ്ങൾക്ക് ചികിത്സ തേടി എത്തുന്ന രോഗികൾക്ക് തീവ്ര പരിചരണത്തിനായി 12 കിടക്കകളുള്ള Semi ICU തുടങ്ങിയിട്ടുണ്ട്.
- ജനിതകരോഗങ്ങൾക്കുവേണ്ടി പ്രത്യേക വിഭാഗം രൂപീകരിക്കുകയും അതിനോടനുബന്ധിച്ച് എൻസൈം റീപ്ലേസ്മെന്റ് തെറാപ്പി കൃത്യമായി നൽകി വരുകയും ചെയ്യുന്നു.
- ജനിതക രോഗങ്ങൾ ഗർഭസ്ഥാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും കൗൺസിലിംഗ് ചെയ്യുന്നതിനുമുള്ള ശ്രദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
- എസ്.എം.എ ക്ലിനിക് തുടങ്ങുകയും, എസ്.എം.എ രോഗം ബാധിച്ച കുട്ടികൾക്ക് വിലയേറിയ മരുന്നു നൽകുകയും അതിനുള്ള അനുബന്ധ ചികിത്സ നൽകുകയും ചെയ്യുന്നു. (സ്പൈൻ സർജറി)
- ഹീമോഫീലിയ ബാധിച്ച കുട്ടികൾക്ക് വേണ്ടി CHC (Comprehensive Hemophilia Centre) ക്രമീകരിക്കുകയും ആശാധാന പദ്ധതി വഴി അതിനുള്ള ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.
- ഉദര രോഗബാധിതരായ കുട്ടികൾക്ക് വിദഗ്ദ സേവനം ലഭ്യമാക്കുന്നതിനായി പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ 2 ദിവസം ലഭ്യമാക്കിയിട്ടുണ്ട്. ഉദരരോഗ

നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ എൻഡോസ്കോപ്പി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്

- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 15 കോടി രൂപ ചെലവിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുകയും, പ്രസ്തുത ഉപകരണം സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 30 ലക്ഷം രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടു കൂടി നവീകരിച്ച മൃതസഞ്ജീവനി"" യുടെ ഓഫീസ് കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിച്ചു.
- 43 ലക്ഷം രൂപ ചെലവിൽ ആറ് വാർഡുകളിലെ 350 കിടക്കകൾക്കരികിൽ ഓക്സിജൻ. & സെൻട്രൽ സക്ഷൻ വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ചു.
- 2.25 കോടി രൂപ ചെലവിൽ 72 കിടക്കളോടുകൂടിയ വാർഡ് 28 പണികഴിപ്പിച്ചു. 1.72 കോടി രൂപ ചിലവിൽ എൻഡോക്രൈനോളജി വാർഡ് പണികഴിപ്പിച്ചു.
- 22 ലക്ഷം രൂപ ചെലവിൽ ദ്രവീകൃത ഓക്സിജൻ സംഭരണ ശേഷി ഇരട്ടിപ്പിച്ചു.
- 5 കോടി രൂപ ചെലവിൽ ലോകോത്തര നിലവാരമുള്ള ആധുനിക ഫാർമസി സ്ഥാപിച്ചു.
- 17 കോടി രൂപ ചെലവിൽ SAT ആശുപത്രിയിലെ അമ്മയും കുഞ്ഞും ബ്ലോക്കിന്റെ മുകളിലെ രണ്ട് നിലകളുടെ നിർമാണം പൂർത്തികരിച്ചു.
- 1 കോടി രൂപ ചെലവിൽ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിലെ പരീക്ഷ ഹാൾ നിർമ്മിച്ചു.

**കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്**

- എച്ച് ഡി ലാപ്രോസ്കോപ്പി സിസ്റ്റം വാങ്ങുന്നതിനായി 2210-05-105-53-19 M &E(P) എന്ന ഫണ്ടിൽ നിന്നും GO (Rt) No. 1566/2021/H&FWD Dated.27/07/2021 ഉത്തരവ് പ്രകാരം 44,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണം വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. വിവിധ തരത്തിലുള്ള താക്കോൽദ്വാര ശസ്ത്രക്രിയകൾ ജനറൽ സർജറി വിഭാഗം ഈ ഉപകരണം ഉപയോഗിച്ച് ചെയ്തു വരുന്നു.

- വെർട്ടിക്കൽ എക്സ്പാൻഷൻ ഓഫ് ട്രോമ കെയർ വാർഡ് അറ്റ് ഐ.പി.ഡി ബ്ലോക്കിന് GO(Rt) No. 967/2018/H&FWD dated: 22/03/2018 ഉത്തരവ് പ്രകാരം 5 കോടിയുടെ ഭരണാനുമതിയും GO(Rt) No. 1696/2021/H&FWD dated: 07/08/2021 ഉത്തരവ് പ്രകാരം 3,10,00,000/- രൂപയുടെ ഭരണാനുമതിയും ലഭിച്ചിരുന്നു. എന്നാൽ ടിപ്രവർത്തിയിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ കൂടി ഉൾപ്പെടുത്തി ഫേയ്സ് 1, ഫേയ്സ് 2 പ്രവർത്തികൾ ചെയ്യുന്നതിന് 11.6 കോടി രൂപയുടെ സമഗ്ര ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- GO (Rt) No. 1949/2022/H&FWD Dated.07/08/2022 ഉത്തരവ് പ്രകാരം Portable Green Laser Console with Leo Model B വാങ്ങുന്നതിന് 15,96,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണം ഒഫ്ത്താൽമോളജി വിഭാഗത്തിലേയ്ക്കുവേണ്ടി വാങ്ങി ഉപയോഗിച്ചു വരുന്നുണ്ട്.
- Sound treated bera room വാങ്ങുന്നതിന് 4,50,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി ഉപകരണം നിലവിൽ ഇ.എൻ.റ്റി വിഭാഗത്തിൽ വാങ്ങി ഉപയോഗിച്ചു വരുന്നു.
- Fully Automated Coagulation Analyser വാങ്ങുന്നതിന് 9,50,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി ഉപകരണം നിലവിൽ പത്തോളജി വിഭാഗത്തിൽ വാങ്ങി ഉപയോഗിച്ചു വരുന്നു.
- Operating Microscope വാങ്ങുന്നതിന് 9,40,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിലവിൽ ടി ഉപകരണം ഇ.എൻ.റ്റി വിഭാഗത്തിലേയ്ക്ക് വാങ്ങി ഉപയോഗിച്ചു വരുന്നു.
- GO (Rt) No. 2378/2023/H&FWD Dated.17/09/2023 ഉത്തരവ് പ്രകാരം 30 Degree Arthroscope - 01 No., 70 Degree Arthroscope - 01 No. വാങ്ങുന്നതിന് 22,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി ഉപകരണം ഓർത്തോപീഡിക്സ് വിഭാഗത്തിലേയ്ക്ക് വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്നു.
- Rigid Nasal Endoscope വാങ്ങുന്നതിന് 7,50,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിലവിൽ ടി ഉപകരണം ഇ.എൻ.റ്റി വിഭാഗത്തിലേയ്ക്ക് വാങ്ങി ഉപയോഗിച്ചു വരുന്നു.
- Battery Operated Drill വാങ്ങുന്നതിന് 2,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി ഉപകരണം നിലവിൽ ഓർത്തോപീഡിക് വിഭാഗത്തിൽ ഉപയോഗിച്ചു വരുന്നു.

- Five Part Hematology Analyzer വാങ്ങുന്നതിന് 12,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിലവിൽ ടി ഉപകരണം പത്തോളജി വിഭാഗത്തിലേയ്ക്ക് വാങ്ങി ഉപയോഗിച്ചു വരുന്നു.
- Non contract Tonometer വാങ്ങുന്നതിന് 6,66,400/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിലവിൽ ടി ഉപകരണം ഒഫ്ത്താൽമോളജി വിഭാഗത്തിലേയ്ക്ക് വാങ്ങി ഉപയോഗിച്ചു വരുന്നു.
- കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 5 കോടി രൂപ ചെലവഴിച്ച് ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുകയും, തുടർനടപടികൾ നടന്നുവരുകയും ചെയ്യുന്നു.
- 2.25 കോടി രൂപ ചെലവഴിച്ച് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് വിത്ത് കാലിബറേഷൻ ലബോറട്ടറിക്ക് വേണ്ടി 2 നില കെട്ടിടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി.
- 8.5 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെലവഴിച്ച കാത്ത് ലാബ് സമുച്ചയവും 10 കിടക്കകളുള്ള ഐസിസിയുവും പ്രവർത്തനക്ഷമമാക്കി.
- 1.5 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി 12 ഡയാലിസിസ് മെഷീനോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി.
- പാത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ, തുടങ്ങിയ വിഭാഗങ്ങളിൽ PG കോഴ്സുകൾ ആരംബിഗിക്കുന്നതിനു സാധ്യമായി.

- കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ PM-ABHIM സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള 50 കിടക്കകളുള്ള ഒരു ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
- രോഗീ പരിചരണത്തിന് വേണ്ടിയിട്ടുള്ള വിവിധ ഇനം അത്യാധുനിക നൂതന സാങ്കേതിക വിധഗ ചികിത്സാപരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനായി 3 കോടി രൂപ അനുവദിക്കുകയും ആയത് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു .
- മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനും രോഗികൾക്ക് മികച്ച ചികിത്സ നൽകുന്നതിനും സൂപ്പർ സെപെഷ്യാലിറ്റി വിഭാഗം ചികിത്സയുടെ അനിവാര്യത കണക്കിലെടുത്തും യു.ജി, പി.ജി കോഴ്സുകളുടെ തുടർ അംഗീകാരം നില നിർത്തുന്നതിനുമായി കൊല്ലം

സർക്കാർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ ആകെ 29 പുതിയ അധ്യാപക തസ്തികകൾ സഉ(കൈ)നം.346/2023/ആ.കു.വ തീയതി 21 /12 / 2023 പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്.

- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ എംബിബിഎസ് കോഴ്സിന് (110 സീറ്റ് ) നാഷണൽ മെഡിക്കൽ കമ്മിഷൻ അംഗീകാരം ലഭിച്ചു.
- 04 മെഡിക്കൽ പിജി കോഴ്സുകൾ MD ഫോറൻസിക് മെഡിസിൻ, MD മൈക്രോബയോളജി, MD പാത്തോളജി MD കമ്മ്യൂണിറ്റി മെഡിസിൻ 2 സീറ്റുകൾ വീതം ആകെ 8 സീറ്റുകൾ ആരംഭിക്കുന്നതിനുള്ള LOP ലഭിക്കുകയും, 2022 -23 അക്കാദമിക് വർഷത്തിൽ കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- 15 - സീറ്റുകളുള്ള ആദ്യ ഡിഎംഎൽ ടി ബാച്ച് ആരംഭിക്കാൻ പാരാമെഡിക്കൽ കൗൺസിൽ ഓഫ് കേരളയുടെ അനുമതി ലഭിക്കുകയും, 2022 -23 അക്കാദമിക് വർഷത്തിൽ കോഴ്സ് ആരംഭിക്കുകയും ചെയ്തു.
- രോഗി പരിചരണത്തിന് വേണ്ടിയിട്ടുള്ള വിവിധ ഇനം അത്യാധുനിക നൂതന സാങ്കേതിക വിധഗ ചികിത്സാപരിശോധനാ ഉപകരണങ്ങൾ 1.62 കോടി രൂപ ചെലവഴിച്ച് വിവിധ വകുപ്പുകൾക്ക് വാങ്ങി നൽകി.
- ബ്രോഡ് സ്പെഷ്യാലിറ്റികളിൽ 8 പോസ്റ്റ് ഗ്രാജ്വേറ്റ് സീറ്റുകളിൽ 2022 അക്കാഡമിക് വർഷം മുതൽ അഡ്മിഷൻ ആരംഭിക്കുന്നതിലേക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ലെറ്റർ ഓഫ് പെർമിഷൻ ലഭിച്ചു .
- കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന് ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി 5 കോടി രൂപ ലഭിച്ചു.
- കിഫ്ബി ഫണ്ടിൽ നിന്നും 8 കോടി രൂപ ചെലവഴിച്ച് അത്യാധുനിക കാത്ത് ലാബ് സംവിധാനം ,10 കിടക്കകളുള്ള ICCU - ഉൾപ്പെടെ 2021 നവംബർ മാസം 1-ആം തീയതി പ്രവർത്തനം ആരംഭിച്ചു
- എൻ.എം.സി. നിഷ്കർഷിച്ചിട്ടുള്ള ഡിജിറ്റൽ ഫ്ലൂറോ കോപ്പി വാങ്ങുന്നതിലേക്കായി സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചു.
- രോഗീ പരിചരണത്തിന് വേണ്ടിയിട്ടുള്ള വിവിധ ഇനം അത്യാധുനിക നൂതന സാങ്കേതിക വിധഗ ചികിത്സാപരിശോധനാ ഉപകരണങ്ങൾ 2.56 കോടി രൂപ ചെലവഴിച്ച് വിവിധ വകുപ്പുകൾക്ക് വാങ്ങി നൽകി.

കോന്നി സർക്കാർ മെഡിക്കൽ കോളേജ്

- 300 കിടക്കകൾ ഉള്ള ടീച്ചിംഗ് ഹോസ്പിറ്റൽ (32000 സ്ക്വ.മീ) മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് (16300 സ്ക്വ.മീ), എന്നിവയാണ് ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ടിരുന്നത്. നിർമ്മാണം പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- ആശുപത്രിയുടേയും കോളേജിന്റെയും അനുബന്ധമായി നിർമ്മിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 5 നിലകളിലായി 200 കുട്ടികൾക്ക് താമസിക്കാവുന്ന ബോയ്സ് ഹോസ്റ്റലും 6 നിലകളിലായി 235 കുട്ടികൾക്ക് താമസിക്കാവുന്ന ലേഡീസ് ഹോസ്റ്റലും, 4 സെക്ഷനുകളിലായി (A,B,C,D) 11 നിലകൾ ഉള്ള ക്വാർട്ടേഴ്സുകൾ, ലോൻഡ്രി, അനിമൽ ഹൗസ്, 1000 സീറ്റുകളുള്ള ഓഡിറ്റോറിയം, മോർച്ചറി, ഡീൻസ് വില്ല, പ്ലേ ഗ്രൗണ്ട് തുടങ്ങിയവ രണ്ടാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുന്ന ടി നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 218.4 കോടി രൂപയും (264.5033 കോടി രൂപയുടെ ഭരണാനുമതി) മെഡിക്കൽ ഉപകരണങ്ങൾക്കായി 18.5 കോടി രൂപയും (87.22 കോടിയുടെ ഭരണാനുമതി) അനുവദിച്ച് ഉത്തരവായി. ഇതിൽ ബോയിസ് ഹോസ്റ്റലും, ഗേൾസ് ഹോസ്റ്റലും നിർമ്മാണം പൂർത്തിയാക്കി ഉപയോഗത്തിനായി തുറന്നു കൊടുത്തു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരുന്നു.
- കോന്നി മെഡിക്കൽ കോളേജിൽ 10.02.2021 ൽ ഐ.പി ആരംഭിച്ചു.
- ഇന്റേണൽ റോഡ്, UGT and FIRE TANK, STORM WATER DRAIN, ROCK CUTTING, ROCK BLASTING, സമ്പ്, എസ്.റ്റി.പി, എൻട്രൻസ് ഗേറ്റ്, COMPOUND WALL മുതലായവ നിർമ്മിക്കുന്നതിന് 15,50,76,322/- രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.
- 01.11.2021 മുതൽ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു.
- അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തിയേറ്റർ സംവിധാനം ഒരുക്കി.
- 2022 ഫെബ്രുവരി മാസം 30 ബെഡ്ഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വാലിറ്റിയിൽ ലഭ്യമാക്കി.
- 29,49,000 രൂപ ചെലവഴിച്ച് PSA ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി 26.02.2022 ന് ഉദ്ഘാടനം നടത്തി. LIQUID OXIGEN PLANT (LMO) ന്റെ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി. 18 ലക്ഷം രൂപ ചെലവഴിച്ച് ഹോർമോൺ അനലൈസർ, 15 ലക്ഷം രൂപ ചെലവഴിച്ച് ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം എന്നിവ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. ഫാർമസി സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.
- 2023 ജൂൺ 19 ന് പത്തനംതിട്ട ജില്ലയിൽ സർക്കാർ മേഖലയിൽ ഈ സ്ഥാപനത്തിലെ റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ സ്ഥാപിച്ച ആദ്യത്തെ 128 സ്ലൈഡ് സി റ്റി സ്കാൻ ബഹു ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാജോർജ് ഉദ്ഘാടനം ചെയ്തു.
- 14/03/2023ന് NMC യിൽ നിന്നും 1st Renewal നുള്ള അംഗീകാരം ലഭ്യമായി.
- 2023 ഒക്ടോബർ 7 ന് 13.66 കോടി മുതൽമുടക്കി 240 കുട്ടികൾക്ക് താമസിക്കാവുന്ന 80 മുറികളുള്ള girls ഹോസ്റ്റൽ ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാജോർജ് ഉദ്ഘാടനം ചെയ്തു.
- 2 Operation Theatre കൾ, ICU, MICU, PICU (NHM Covid ഫണ്ട്) എന്നിവ പൂർണമായും പ്രവർത്തന സജ്ജമാക്കി.
- 7 ലക്ഷം രൂപ ചെലവഴിച്ച് ഒഫ്ത്താൽമോളജി വിഭാഗത്തിൽ ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ സ്ഥാപിക്കാൻ അനുമതി ലഭിച്ചു.
- ജനറൽ സർജറി വിഭാഗത്തിൽ എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം 63.88 ലക്ഷം രൂപ, ലാപ്രോസ്കോപ്പിക് ഹാൻഡ് ആക്സസ്സറീസ് 16 ലക്ഷം രൂപ, ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ 7 ലക്ഷം രൂപ എന്നിവയ്ക്കും അനുമതി ലഭിച്ചു.
- ഓർത്തോപീഡിക്സ് വിഭാഗത്തിൽ സി.ആം ഇമേജ് ഇന്റൻസിഫയർ 38.65 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചു.
- ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ആശുപത്രി വികസന സമിതി (HDS) രൂപീകരിക്കുന്നതിന് അനുമതി നൽകി, ആയത് രജിസ്ട്രേഷൻ നടത്തുകയും സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- രണ്ടാംഘട്ട നിർമ്മാണത്തിന് തടസ്സമായിരുന്ന കോടതി വ്യവഹാരം ഉൾപ്പെടെ പരിഹരിച്ച് കൊണ്ട് രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചു.
- 100 സീറ്റിൽ MBBS അഡ്മിഷൻ ആരംഭിച്ചു.
- 5 കോടി രൂപ മുതൽ മുടക്കി റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ 128 സ്ലൈഡ് സിടി സ്കാൻ മെഷീൻ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.
- എം.എൽ.എ ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ മുടക്കി അൾട്രാസൗണ്ട് സ്കാൻ, 4

ലക്ഷം രൂപ മുടക്കി X-ray എന്നിവ പ്രവർത്തനക്ഷമമാക്കി. അൾട്രാ സൗണ്ട് സ്കാൻ 07.10.2021 മുതൽ ആരംഭിച്ചു.

- ആധുനിക രീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി. DRP പൂർത്തീകരിച്ചിട്ടുണ്ട്.
- കോന്നി എം.എൽ.എ അഡ്വ. ശ്രീ ജനീഷ് കുമാറിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 24,50,000/- രൂപ ചിലവിൽ MBBS വിദ്യാർത്ഥികൾക്കുള്ള കോളേജ് ബസ് അനുവദിച്ചു.
- സ.ഉ.നം.346/2023/H&FWD Dated : 21/12/2023 പ്രകാരം ഈ സ്ഥാപനത്തിൽ 38 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. Blood Bank ന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.

## ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം വിലയിരുത്തുന്നതിനു വേണ്ടി ക്വാളിറ്റി സ്റ്റാൻഡേർഡുകളായ ലക്ഷ്യ മുസ്കാൻ കായകല്പ തുടങ്ങിയവ സർക്കാർ ആശുപത്രികളിൽ നടപ്പാക്കി വരുന്നുണ്ട്.
- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 30കോടി രൂപമുടക്കി നബാർഡ് സഹായത്തോടെ പണി തീർത്ത O & G ബ്ലോക്ക് ഉദ്ഘാടനത്തിനു തയ്യാറാണ്. കൂടാതെ ഈ കെട്ടിടത്തിൽ ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പുതിയ ഗൈനക്കോളജി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.അതോടൊപ്പം തന്നെ MBH(Mother And Baby Friendly Hospital Initiative) സ്റ്റാൻഡേർഡിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആശുപത്രി തലത്തിൽ നടത്തി വരുന്നു.
- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി കൂടുതൽ മെച്ചപ്പെടുത്തി ലോകോത്തര നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ ഫണ്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ട്രോമാ കെയർ യൂണിറ്റുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ , സ്ട്രോക്ക് ഐ.സി.യു ഗൈനക്കോളജി പീഡിയാട്രിക് വിഭാഗങ്ങളുടെ വിപുലീകരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്.
- ഈ സ്ഥാപനത്തിൽ പുതുതായി പണിക്കഴിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോളജി വിഭാഗത്തിനായി 3ഡി മാപ്പിംഗ് സൗകര്യങ്ങളോടുകൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്.

- Construction of New Administrative Block cum Examination Hall (IV Phase), Construction of Trauma Care unit Block, Construction of new Lecture Hall, Common room & Toilet Block for Paramedical Students, Construction of Building for comprehensive Stroke Centre, Construction of Pay ward Block Phase I, Modernization of Drug Store തുടങ്ങിയ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന മെഡിക്കൽ കോളേജിൽ നടപ്പിലാക്കി വരുന്നുണ്ട്.
- കൂടാതെ നവീന രീതിയിലുള്ള എക്കോ, ടി.എം.ടി, ഇ.സി.ജി, ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.
- യൂറോളജി വിഭാഗത്തിൽ 1 കോടി വില മതിക്കുന്ന 3ഡി, 4കെ ലാപ്രോസ്കോപ്പി സംവാധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.
- ലക്ഷ്യ പദ്ധതിയിലൂടെ ഗൈനക്കോളജി വിഭാഗത്തിന്റെ നവീകരണത്തിനായി പ്രവർത്തിക്കുകയും അതിലൂടെ Respectful maternity സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ റോബോട്ടിക് ട്രാൻസ്ക്രേനിയൽ ഡോപ്ലർ, പോർട്ടബിൾ ഇ എം ജി മെഷീൻ, ഹൈ സ്പീഡ് ഇലക്ട്രിക് ഡ്രിൽ, ഓട്ടോമേറ്റഡ് ഐസി .എച്ച് , സ്റ്റെയിനർ പ്രോസ്റ്റീരിയർ മൈക്രോസ്കോപ്പ്, പ്രോസ്റ്റീരിയർ സെകമെന്റ്, വിക്ടോമി മെഷീൻ, എൻഡോ ലേസർ, സിആം . മൊബൈൽ ഇമേജ് ഇന്റിഫയർ സിസ്റ്റം, എന്നി മെഷീനുകൾക്കായി 4 കോടി 11 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.
- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി വിഭാഗങ്ങളിൽ സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 3 കോടി 47 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും, പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.
- നബാർഡ് ധനസഹായത്തോടുകൂടി 30 കോടി രൂപ മുതൽ മുടക്കിൽ (ഇതിൽ 4. 50 കോടി രൂപ സംസ്ഥാന വിഹിതം) 5 നിലകളിലായി ഒ & ജി ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുകയും 99% പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ് .
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 2 കോടി രൂപ മുതൽ മുടക്കിൽ കോളേജ് ക്യാമ്പസിൽ പുതിയ ഒരു ക്യാന്റീൻ കെട്ടിടം പൂർത്തീകരിച്ച് ഉദ്ഘാടന സജ്ജമായിരിക്കുന്നു.

- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കം സെൻട്രൽ ലൈബ്രറിയുടെ നിർമ്മാണത്തിനായി 1 കോടി 91 ലക്ഷം ഉൾപ്പെടെ വിവിധ ഘട്ടങ്ങളിലായി 20 കോടി 72 ലക്ഷം രൂപ അനുവദിക്കുകയും, നിർമ്മാണം പൂർത്തിയായി വരികയും ചെയ്യുന്നു.
- അഞ്ച് നിലകളിലായി വിഭാവനം ചെയ്തിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണത്തിനായി 1 കോടി 91 ലക്ഷം ഉൾപ്പെടെ വിവിധ ഘട്ടങ്ങളിലായി 31 കോടി 38 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും മൂന്നു നിലകളുടെ നിർമ്മാണം പൂർത്തിയായി വരികയും ചെയ്യുന്നു.
- ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അതിനൂതനമായ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. പ്രസ്തുത പദ്ധതിയിൽ 120 കോടി രൂപയുടെ കേന്ദ്ര വിഹിതം, 53.18 കോടി രൂപയുടെ സംസ്ഥാന വിഹിതവും.
- 1 കോടി 19 ലക്ഷം രൂപ മുതൽ മുടക്കിൽ യൂറോളജി വിഭാഗത്തിൽ എക്സ്ട്രാകോർപ്പിറൽ ലിത്തോ ട്രിപ്സി മെഷീൻ സ്ഥാപിച്ചു.
- 1 കോടി 34 ലക്ഷം രൂപ മുതൽ മുടക്കിൽ പുതിയ ന്യൂറോ നാവിഗേഷൻ സിസ്റ്റം സ്ഥാപിച്ചു.
- 46 ലക്ഷം രൂപ മുതൽ മുടക്കിൽ അഡ്വാൻസ്ഡ് ഫാക്കോ എമൽസിഫിക്കേഷൻ സിസ്റ്റം നേത്രരോഗവിഭാഗത്തിൽ സ്ഥാപിച്ചു.
- 56.25 ലക്ഷം രൂപ മുതൽ മുടക്കിൽ എസ്.റ്റി.പി-ക്ക് പുതിയ കളക്ഷൻ ടാങ്ക് സ്ഥാപിച്ചു.
- മെഡിക്കൽകോളേജ് ആശുപത്രിയിലെ ഓക്സിജൻ ബഡ്ഡുകളുടെ എണ്ണം 93 - ൽ നിന്നും 923 ആക്കി ഉയർത്തി .
- 73 ലക്ഷം രൂപ മുതൽ മുടക്കിൽ കാർഡിയോതൊറാസിക് വിഭാഗത്തിൽ 3ഡി,4 ഡി എക്കോമെഷീൻ സ്ഥാപിച്ചു .
- ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ വീഡിയോ ഗ്യാസ്ട്രോ സ്കോപ്പ്. കൊളോണോ സ്കോപ്പ് തുടങ്ങി അത്യാധുനിക ഉപകരണങ്ങൾ വാങ്ങി .
- 1 കോടി 9 ലക്ഷം രൂപ മുതൽ മുടക്കിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിച്ച് മാലിന്യസംസ്കരണം സാധ്യമാക്കി.
- 4 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ് ) തസ്തികകൾ സൃഷ്ടിച്ചു.
- വിവിധ വിഭാഗങ്ങളിലായി 9 പുതിയ പി. ജി, മെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു.

- നിലവിലുണ്ടായിരുന്ന 9 പി.ജി ഡിപ്ലോമാ കോഴ്സുകൾ ഡിഗ്രി കോഴ്സുകളായി ഉയർത്തി.

<u>കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്</u>

- കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ, ഓഡിറ്റോറിയത്തിന്റെ comprehensive എസ്റ്റിമേറ്റ് തുക 37 കോടി രൂപയാണ്. ഇതിന്റെ ഫേസ്-1 പ്രവർത്തികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. (GO (Rt) No. 4228/2021/H&FWD dtd. 16.10.2021) പ്രസ്തുത സൈറ്റിലെ വാസയോഗ്യമല്ലാത്ത മെൻസ് ഹോസ്റ്റൽ കെട്ടിടം പൊളിച്ചു നീക്കി മരങ്ങളും മുറിച്ച് മാറ്റി സൈറ്റ് നിർമ്മാണത്തിനായി സജ്ജമാക്കിയിട്ടുണ്ട്.
- കോട്ടയം മെഡിക്കൽ കോളേജിൽ Construction എന്ന നിർമ്മാണ പ്രവർത്തിക്ക് നബാർഡ് മുഖേന 36.41 കോടി രൂപയുടെ ഭരണാനുമതി GO. (Rt.) no-1699/2020/H&FWD dated:18/09/2020 പ്രകാരം ലഭ്യമായിരുന്നു. ടി പ്രവർത്തിയുടെ നിർമ്മാണ ഏജൻസിയായി ഹൈറ്റ്സിനെ ചുമതലപ്പെടുത്തുകയും പ്രവർത്തി അതിവേഗത്തിൽ പുരോഗമിക്കുകയുമാണ്. ഇതുവരെ 65% ത്തോളം പണികൾ പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തി ഈ സാമ്പത്തിക വർഷം തന്നെ ഉദ്ഘാടനം ചെയ്യുവാൻ കഴിയുന്നതാണ്.
- നബാഡ് സാമ്പത്തിക സഹായം അനുവദിച്ച 10.71 കോടി രൂപ മുതൽ മുടക്കിൽ (GO (Rt) No. 382/2022/H&FWD dtd. 16.10.2022) കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ് നിർമ്മാണത്തിന്റെ ഭാഗമായി പ്രസ്തുത സൈറ്റിലെ വാസയോഗ്യമല്ലാത്ത ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ചു മാറ്റി പ്രസ്തുത സൈറ്റിലെ മരങ്ങളും മുറിച്ച് നീക്കി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.
- സ.ഉ (സാധാ) നം. 2752/2018/ആ.കു.വ തീയതി 06/09/2018 പ്രകാരം മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് 276.95 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. സമയ ബന്ധിതമായി പണി തീർത്ത് turn key ബേസിൽ ചെയ്ത് തരുവാൻ എസ് പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ ഹൈറ്റ്സിനെയാണ് ഇത് ഏൽപ്പിച്ചിരിക്കുന്നത്. 2023 മെയ് 31 ന് ബഹു. മുഖ്യമന്ത്രി ടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 9 നിലകളിലായി 30,00,00 Sq ft. ൽ 310 കിടക്കകൾ,

11 ഓപ്പറേഷൻ തീയേറ്ററുകൾ 60 ഐ.സി.യു കിടക്കകൾ അത്യാധുനിക ലാബ് സംവിധാനങ്ങൾ മുതലായവ ഇതിന്റെ ഭാഗമാണ്. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.

- സ.ഉ (സാധാ) നം. 1633/2022/ആ.ക.വ തീയതി 05/07/2022 പ്രകാരം കോട്ടയം ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിലെ ഒഫ്ത്താൽമോളജി വിഭാഗത്തിൽ 1,78,20,000/- രൂപയുടെ RSBY ഫണ്ട് ഉപയോഗിച്ച് ജില്ലാ നിർമിതികേന്ദ്രം മുഖേന മോഡ്യുലാർ ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 2023 മെയ് 21-ആം തീയതി ബഹു. മുഖ്യമന്ത്രി പ്രവർത്തനോട്ഘാടനം നിർവ്വഹിച്ചു.
- സ.ഉ (സാധ)നം. 1621/2021/ആ. ക വ തീയതി, 30/ 07/2021 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി പ്ലാൻ സ്കീം മെഡിക്കൽ കോളേജ്, കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2021 - 22 സാമ്പത്തിക വർഷം മൈനർ വർക്സിന്റെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,83,71,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തികൾ PWD, KWA, KSEB മുഖേന പൂർത്തീകരിച്ചു.
- സ.ഉ (സാധ)നം. 1716/2021/ആ.ക.വ തീയതി, 10/08/2021 പ്രകാരം Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മരാമത്ത് പ്രവർത്തികൾക്ക് 90,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.
- സ.ഇ (സാധ) നം.2829/2021/ആ.ക. വ തീയതി, 16/12/2021 പ്രകാരം Revamping of Existing infra structure and maintenance of High End Equipment in Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,73,88,300/-രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.
- സ.ഉ (സാധ)നം. 1991/2022/ആ. ക വ തീയതി, 12/08/2022 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി പ്ലാൻ സ്കീം മെഡിക്കൽ കോളേജ്, കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2022- 23 സാമ്പത്തിക വർഷം മൈനർ വർക്സിൽ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,89,08,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.
- സ.ഉ.(സാധ) നം.2770/2022/ആ.ക.വ തീയതി,19/11/2022 പ്രകാരം. Revamping of Existing infra structure and maintenance of High end Equipment in Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2022- 23 സാമ്പത്തിക വർഷം മൈനർ വർക്സ് ഹെഡിൽ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1 കോടി രൂപയുടേയും മെയിന്റനൻസ് ഹെഡിൽ

1,24,67,700/- യുടേയും ഭരണാനുമതി ലഭിച്ചു.

- സ.ഉ (സാധ) നം. 2261/2022/ആ.കു വ തീയതി, 19/ 09/2022 പ്രകാരം Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2022- 23 സാമ്പത്തിക വർഷം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ Toilet Complex നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.
- സ. ഉ (സാധ) നം. 760/2023/ആ.കു.വ തീയതി, 30/03/2023 പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2022- 23 സാമ്പത്തിക വർഷം അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പടുത്തി വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്ക് 2,56,60,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.
- സ.ഉ.(സാധ) നം. 1913/2023/ആ.കു.വ.തീയതി, 01/ 08/2023 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി. പ്ലാൻ സ്കീം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മൈനർ വർക്സിൽ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,84,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.
- സ. ഉ (സാധ) നം. 2329/2023/ആ.കു വ.തീയതി, 13/09/2023 പ്രകാരം ( Creation of Patient Friendly Hospital Environment (DME) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2023- 24 സാമ്പത്തിക വർഷം കോട്ടയം ഗവ.മെഡിക്കൽ കോളേജിലെ ഗൈനക്കോളജി ബ്ലോക്കിൽ Patient Waiting area യുടെ നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.
- സ. ഉ (സാധ) നം. 801/2024/ആ.കു. വ തീയതി, 15/ 03/2024 പ്രകാരം കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ 2023- 24 ,സാമ്പത്തിക വർഷം അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പടുത്തി വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്ക് 1,59,25,600/- രൂപയുടെ ഭരണാനുമതി ലഭിച്ചു.
- എസ്റ്റാബ്ലിഷ്മെന്റ് & മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ അണ്ടർ ഡി.എം.ഇ എന്ന പദ്ധതി പ്രകാരം 3 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 21.05.2023 ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.
- പാരാമെഡിക്കൽ വിദ്യാർഥികൾക്കായുള്ള പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി 6 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും നിർമ്മാണ ഉദ്ഘാടനം 21.05.2023 ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു.
- എം.ഡി റേഡിയോ ഡയഗ്നോസിസ് സീറ്റ് 1 - ൽ നിന്നും 3 ആയി വർദ്ധിപ്പിച്ചു.

- എം.ഡി ഗ്യാസ്റ്റ്രോ എൻട്രോളജി സീറ്റ് 1 - ൽ നിന്നും 3 ആയി വർദ്ധിപ്പിച്ചു.
- 10 സീറ്റുകളോട് കൂടിയ ബി.എസ്.സി ഇമേജിംഗ് ടെക്നോളജി കോഴ്സ് ആരംഭിച്ചു.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, എയിറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ബയോഗ്യാസ് പ്ലാൻറ് എന്നിവ സ്ഥാപിച്ചു -72.24 ലക്ഷം.
- 68.28 ലക്ഷം രൂപ ചിലവിൽ GICH ൽ 15 ഓക്സിജൻ ബെഡ്,4 എച്ച് ഡി യു, 2 ഐ സി യു എന്നിവ സ്ഥാപിച്ചു.
- 2.30 കോടി രൂപ ചിലവിൽ മോഡ്യുലാർ ഓപ്പറേഷൻ തീയേറ്റർ സ്ഥാപിച്ചു.

മറ്റു പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

- നവീകരിച്ച ന്യൂറോ സർജറി (വാർഡ് 7)
- കണ്ണിന്റെ സർജറി വാർഡ് (വാർഡ് -8)
- 750 KV ജനറേറ്റർ
- നെഫ്രോളജി ലാബ്
- 4 D Eco Machine, Portable Eco machine
- Material Collection Facility (MCF)
- Aerobic Composting Unit, Biogas plant
- പുതിയ ലിഫ്റ്റ് ഒരെണ്ണം - ബ്ലഡ് ബാങ്ക്
- ഐ സി യു (കാഷ്വാലിറ്റി മൂന്നാം നില)
- Under ECRP II
- Nursing office നവീകരണം
- നവീകരിച്ച ഒ പി ഫാർമസി
- നവീകരിച്ച കാസ്പ് കൗണ്ടർ (പേയിംഗ് കൗണ്ടറിന് സമീപം)
- Laproscopy project
- Modular Operation Theatre, Casualty block
- ICU Ambulance
- Sewege Treatment plant പുനരുദ്ധാരണം
- Integrated Analyser
- സ്റ്റോക്ക് യൂണിറ്റ്

- പാലിയേറ്റീവ് കെയർ യൂണിറ്റ്, റീഹാബിലിറ്റേഷൻ യൂണിറ്റ്, Grief care services എന്നീ പ്രവർത്തികൾ നടന്നു.
- മെഡിസെപ് പദ്ധതി - ബെസ്റ്റ് പെർഫോമർ അംഗീകാരം ലഭിച്ചു.
- റുമറ്റോളജി വിഭാഗം ആരംഭിച്ചു.
- പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നിന്നും ആശുപത്രി കോമ്പൌണ്ടിനുള്ളിലേക്ക് അടിപ്പാത നിർമ്മാണം ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയിട്ടുള്ള ചികിത്സാ സംവിധാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

- MRI
- DSA
- Linear Auxilerator
- Cardiology വിഭാഗത്തിൽ Intra Vascular Ultrasound
- Cardiology വിഭാഗത്തിൽ റോട്ടോബ്ലേറ്റർ
- Cardiology വിഭാഗത്തിൽ Optical Coherrense Tomography
- Negative Pressure operation theatre/ICU
- Lift PMR Block
- കുട്ടികളുടെ ഹൃദയശസ്ത്രക്രിയ തിയേറ്റർ
- സ്കിൽ ലാബ്
- മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്
- ഓക്സിജൻ ജനറേറ്റർ കെട്ടിടം
- കാർഡിയോളജി വിഭാഗത്തിൽ 4 D Echo machine
- കാർഡിയോളജി വിഭാഗത്തിൽPortable eco machine
- അത്യാഹിത വിഭാഗത്തിൽ ഐ സി യു - എമർജൻസി കോവിഡ് റെസ്പോൺസ് പ്ലാൻ
- ലെപ്രോസ്കോപ്പി പ്രോജക്റ്റ്
- മോഡ്യുലാർ ഓപ്പറേഷൻ തിയേറ്റർ
- ഗൈനക്കോളജി എച്ച് ഡി യു

- ഇന്റഗ്രേറ്റഡ് അനലൈസർ
- സ്ട്രോക്ക് യൂണിറ്റ്, റീഹാബിലിറ്റേഷൻ, ഗ്രീഫ് കെയർ സർവ്വീസസ്
- വെന്റിലേറ്റർ - 5 എണ്ണം
- പാൻഡമിക് ഐ സി യു -ഗൈനക്കോളജി വിഭാഗം
- ന്യൂറോസർജറി അത്യാധുനിക ഉപകരണം - ന്യൂറോ നാവിഗേഷൻ
- ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്
- C Arm
- ഇൻട്രാ ഓപ്പറേറ്റീവ് ന്യൂറോ മോണിറ്ററിംഗ് സിസ്റ്റം
- മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്
- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം
- സ്ട്രോക്ക് യൂണിറ്റ്

കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നുവരുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും ആധുനികവത്ക്കരണ പ്രവർത്തനങ്ങളും.

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം-276.95 കോടി
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ് നിർമ്മാണം-10.71 കോടി
- സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസ് നിർമ്മാണം-17.00 കോടി
- പാൻഡമിക് ഐ സി യു - ഗൈനക്കോളജി - 58.47 ലക്ഷം
- സൈക്യാട്രി ഒ പി നവീകരണം - 1.26 കോടി
- ബ്ലഡ് ബാങ്ക് രണ്ടാം ഘട്ട നവീകരണം - 8.40 ലക്ഷം
- ന്യൂറോസർജറി വിഭാഗത്തിൽ അത്യാധുനിക ഉപകരണം വാങ്ങുന്നത് - 1.50 കോടി
- കാർഡിയോളജി ബ്ലോക്ക് നിർമ്മാണം - 36.41 കോടി

ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബനവലന്റ് ഫണ്ട്, ആരോഗ്യകിരണം, അമ്മയും കുഞ്ഞും പദ്ധതി, ശ്രുതി തരംഗം, ആവാസ്, മെഡിസെപ്പ് പോലുള്ള വിവിധ ചികിത്സാ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതികളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

കോട്ടയം മെഡിക്കൽ കോളേജിന്റെ അനുബന്ധസ്ഥാപനമായ കുട്ടികളുടെ ആശുപത്രിയിൽ പി ഐ സി യു, എച്ച് ഡി യു ലാബ്, എക്സ് റേ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ്

- ഇടുക്കി ജില്ലാ ആശുപത്രിയും അനുബന്ധ സൗകര്യങ്ങളും മെഡിക്കൽ കോളേജിലേക്ക് ചേർത്ത് ഇടുക്കി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു. മെഡിക്കൽ കോളേജ് ആയി ഉയർത്തിയ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പരിഷ്കരണ പ്രവത്തനങ്ങൾ നടന്നു വരുന്നു.

- 50 എം ബി ബി എസ് കുട്ടികൾക്ക് അഡ്മിഷന് വേണ്ടി 10 കോടി രൂപ മുടക്കി അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചു. ടി കെട്ടിടത്തിൽ വിവിധ ഡിപ്പാർട്മെന്റുകൾ പ്രവർത്തിച്ചു വരുന്നു.

- മെഡിക്കൽ കോളേജ് ആയി മാറ്റിയ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പഴയ ബ്ലോക്കിൽ നിന്നും ഒ. പി, പുതിയ ആശുപത്രി ബ്ലോക്ക് 1- ന്റെ നിർമാണം പൂർത്തീകരിച്ച് കൂടുതൽ സൗകര്യ പ്രദമായി മാറ്റി സ്ഥാപിച്ചു.

- സെൻട്രൽ ലാബുകൾ, ഒ. പി, ഐ. പി എന്നിവ സ്ഥാപിച്ചു. സെൻട്രൽ ലാബുകൾ, ഒ. പി, ഐ. പി എന്നിവ ആശുപത്രി ബ്ലോക്ക് 1-ൽ പ്രവർത്തനം ആരംഭിച്ചു.

- 57 കോടി രൂപ മുടക്കി പണിയുന്ന ആശുപത്രി ബ്ലോക്ക് നിർമാണം 80% പൂർത്തീകരിച്ചു.

- ഇടുക്കി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പാർപ്പിട സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി G. O (Rt) No. 2997/2017/H&FWD Dtd; 30/10/2017 പ്രകാരം 92 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. 10 കെട്ടിടങ്ങളാണ് അവയിൽ ഉൾപ്പെടുത്തിയിരുന്നത്. അവയിൽ നിലവിലുള്ള സ്ഥലത്ത് 07 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

- പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട ബോയ്സ് ഹോസ്റ്റൽ, 3 BHK ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

- ലേഡിസ് ഹോസ്റ്റൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ജൂലൈ മാസത്തിനകം ടി നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഇടുക്കി മെഡിക്കൽ കോളേജിൽ റോഡ് ആൻഡ് പ്രൊട്ടക്ഷൻ ജോലികൾക്കായി 18 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- ഇടുക്കി മെഡിക്കൽ കോളേജിൽ മോഡ്യുലാർ ഓപ്പറേഷൻ തീയേറ്റർ നിർമ്മിക്കുന്നതിനായി ബഹു: ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 56 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ബഹു:എം പി ജോൺ ബ്രിട്ടാസ് അവർകളുടെ എം പി ഫണ്ട് കൂടി ഉപയോഗിച്ച് ടി പ്രവർത്തി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.
- ഇടുക്കി മെഡിക്കൽ കോളേജിൽ മോഡ്യുലാർ ലാബ് സ്ഥാപിക്കുന്നതിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.
- ഇടുക്കി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 01/06/2024 ലെ സ.ഉ(കൈ)നം.87/2024ആർ.ഡി പ്രകാരം 50 ഏക്കർ സ്ഥലം അനുവദിച്ചു. ടി സ്ഥലത്ത് 100 കുട്ടികൾക്കായുള്ള അക്കാദമിക് ബ്ലോക്ക്, ലൈബ്രറി കോംപ്ലക്സ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുടങ്ങിയവയും മെഡിക്കൽ കോളേജിലെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.
- 2022 മുതൽ ഇടുക്കി മെഡിക്കൽ കോളേജിൽ ഒരു വർഷം 100 കുട്ടികളുടെ ബാച്ച് വീതം പ്രവേശനം നടത്തിവരുന്നു.
- ഇടുക്കി ഗവണ്മെന്റ് മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് 2023 മുതൽ നഴ്സിംഗ് കോളേജ് ആരംഭിച്ചു. വർഷം 60 വിദ്യാർഥികൾക്കു പ്രവേശനം നൽകി വരുന്നു.

<u>എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്</u>

- രോഗി സൗഹൃദ ആരോഗ്യ പരിചരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ആർദ്രം പദ്ധതി മുഖേന എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒ പി വിഭാഗത്തിന്റെയും ഫാർമസിയുടെയും പരിവർത്തനം നടപ്പാക്കി.
- രോഗികൾക്ക് വിശാലമായ ഇരിപ്പിടം ഒരുക്കിയും രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം കൂട്ടിയും ഒ.പി മുറികളിൽ എ സി കൾ സ്ഥാപിച്ചും ഒ പി ബ്ലോക്കുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ആകാശപാത നിർമ്മിച്ചും ശുചീകരണ മുറികൾ നവീകരിച്ചും ഒ പി വിഭാഗത്തിലെ അന്തരീക്ഷം മെച്ചപ്പെടുത്തിയും ഫാർമസി 12 ഫാർമസി കൗണ്ടറുകൾ സ്ഥാപിച്ചു വിശാലമാക്കി HLL, കാരുണ്യ ഫാർമസികൾ പ്രവർത്തനം സമീപ പ്രദേശങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചും രോഗികൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കി.

- രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിലേക്കായി എമർജൻസി ഓപ്പറേഷൻ തിയേറ്റർ, ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, റെറ്റിനൽ ലേസർ മെഷീൻ, ടു വേ കമ്മ്യൂണിക്കേഷൻ സിസ്റ്റവും ഡിജിറ്റൽ പേയ്മെന്റ് സംവിധാനവും, മൊബൈൽ റേഡിയോഗ്രാഫി യൂണിറ്റ്, ക്രഷ്, പ്രിവന്റീവ് ക്ലിനിക്ക്, ബ്ലഡ് കളക്ഷൻ യൂണിറ്റ്, സി ആം മെഷീൻ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി.
- കൂടാതെ സാധാരണക്കാരായിട്ടുള്ള രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, RBSK, മിഠായി ക്ലിനിക്ക്, മെഡിസെപ്, ആവാസ്, ജനനി ശിശു സുരക്ഷാ പദ്ധതി എന്നീ പദ്ധതികൾ വഴി അർഹമായ എല്ലാവർക്കും സൗജന്യ ചികിത്സ നൽകി വരുന്നു.
- എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

പൂർത്തീകരിച്ച പ്രവർത്തനങ്ങൾ

1. ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
2. 52.80 ലക്ഷം രൂപ ചെലവിൽ ക്യാമ്പസിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനം ഒരുക്കി.
3. 11.35 കോടി രൂപ ചിലവിൽ എസ് ടി പി പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
4. 40 ലക്ഷം രൂപ ചിലവിൽ Renovation of room behind the Cytology ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.
5. 85 ലക്ഷം രൂപ ചിലവിൽ Renovation of Existing Library for meeting MCI Requirment ന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
6. 47.90 ലക്ഷം രൂപ ചിലവിൽ Modernization of the 2 nos of existing bed cum passenger lift at block 5 ICU block and Block 6 Gynec ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
7. 25.11 ലക്ഷം ഓഡിറ്റോറിയത്തിൽ Audio and video സംവിധാനം സ്ഥാപിക്കുന്ന വർക്കുകൾ പൂർത്തീകരിച്ചു.
8. 50 ലക്ഷം രൂപ ചിലവിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരിച്ചു പ്രവർത്തനം ആരംഭിച്ചു.
9. ശിശുരോഗ വിഭാഗ വാർഡിൽ 2.50 കോടി രൂപ ചെലവിൽ Centre of Excellence

ന്റെ പണി പൂർത്തീകരിച്ചു.

10. തിമിര ശസ്ത്രക്രിയ ആവശ്യം വരുന്നവർക്കായി നേത്രരോഗ വിഭാഗം ഓപ്പറേഷൻ തിയേറ്റർ പുനരാരംഭിച്ചു.
11. എച്ച് ഐ വി ബാധിതരായ രോഗികൾക്കായി എ ആർ ടി സെന്റർ ആരംഭിച്ചു.
12. പ്രമേഹബാധിതരായ കുട്ടികൾക്ക് സൌജന്യമായി ഇൻസുലിൻ ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ ആരംഭിച്ചു.
13. ഒ പിയിലും, അത്യാഹിത വിഭാഗത്തിലും ചികിത്സ തേടുന്ന വീൽ ചെയർ/ട്രോളി സേവനം ആവശ്യമായി വരുന്ന രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനായി ഷിഫ്റ്റിംഗ് ടീം രൂപീകരിച്ചു.
14. കാസ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്കായി പോർട്ടബിൾ ആർ ഒ പ്ലാന്റ് സ്ഥാപിച്ചു.
15. ലേബർ റൂമിൽ അടിയന്തിര ഓപ്പറേഷൻ തിയേറ്റർ സ്ഥാപിച്ചു.
16. രോഗി പരിചാരകർക്ക് മരുന്ന് തേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനു ബെഡ് സൈഡിൽ തന്നെ മരുന്ന എത്തിക്കുന്നതിനായി ഒരു ഫാർമസിസ്റ്റ്, 2 അറ്റൻഡർ എന്നിവരെ നിയമിച്ച് കാസ്പ് ഫാർമസി ആരംഭിച്ചു.
17. 10 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പുതുതായി നിയമിച്ച് കാസ്പ് ഓഫീസ് സ്ഥാപിച്ചു.
18. നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി രോഗികളുടെ രക്ത സാമ്പിളുകൾ ശേഖരിക്കുന്നതിന് 5 ഫ്ലീബോട്ടമിസ്റ്റുകളെ ചുമതലപ്പെടുത്തി.
19. സ്ക്രാപ്പ് ഐറ്റംസ് തരംതിരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു.
20. കാസ്പ് പദ്ധതി പ്രകാരം സ്റ്റാഫ് നഴ്സ് -1, ഡാറ്റാ എൻട്രി ഓപ്പറേറ്റർ -10, ലാബ് ടെക്നീഷ്യൻ - 13, റേഡിയോഗ്രാഫർ -3, ഇ സി ജി ടെക്നീഷ്യൻ - 3, ഫാർമസിസ്റ്റ് - 1, അറ്റൻഡർ-2 എന്നിങ്ങനെ 33 ജീവനക്കാരെ നിയമിച്ചു.

പൂർത്തീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ

1. 2.85 കോടി രൂപ ചിലവിൽ 8.27 ലക്ഷം സ്ക്വയർ ഫീറ്റിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.
2. 4 കോടി രൂപ ചിലവിൽ Ramp facility പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
3. 56.8 ലക്ഷം ചിലവിൽ മോർച്ചറി കെട്ടിടത്തിലെ ലിഫ്റ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
4. 13.21 ലക്ഷം രൂപ ചെലവിൽ ഒ പി രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സംവിധാനം, വാർഡുകളിലെ അറിയിപ്പ് സംവിധാനം, ഐ.സി.യു. വിൽ

ബൈസ്റ്റാൻഡർ കോളിംഗ് സിസ്റ്റം സ്ഥാപിക്കുന്ന വർക്കുകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

5. 56 ലക്ഷം ചിലവിൽ വനിത വിശ്രമ കേന്ദ്രം നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
6. NHM വഴി Critical Care Block ന് 23.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു.
7. Isolation Room Complex - All isolation rooms in one floor with ICU care നു വേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. PWD മുഖേന ടെണ്ടർ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
8. Multi Disciplinary ICU expansion നു വേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. PWD മുഖേന ടെണ്ടർ നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

- ക്യാംപസ് CCTV System -1.10 കോടി
- കുട്ടികളുടെ ഐസിയു-90 ലക്ഷം
- ലിക്വിഡ് ഓക്സിജൻ പ്ലാൻറ്-83 ലക്ഷം
- നെൽസ്ഫ്രയമിങ്സെൻറർ-1.86 കോടി
- പുതിയ പിജിഹോസ്റ്റൽ-13.72 കോടി
- അഞ്ച്കെട്ടിടങ്ങളിലായി8അപ്പാർട്ടുമെൻ്റുകൾപി.ജിവിദ്യാർത്ഥികൾക്കായി പണി പൂർത്തിയാക്കി.
- സെൻട്രൽ ബയോമെഡിക്കൽ പ്ലാൻറ്-60 ലക്ഷം

## തിപ്പൊള്ളൽ പരിചരണ യൂണിറ്റ്-2.69 കോടി

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പൊള്ളൽ ചികിത്സാവിഭാഗം പ്രവർത്തനം ആരംഭിച്ചു. 15 രോഗികൾക്ക് ഒരേ സമയം ആധുനിക ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഇവിടെയുണ്ട്. തീവ്രപരിചരണ വിഭാഗം, വാർഡുകൾ, ഓപറേഷൻതിയേറ്റർ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.രോഗികൾക്ക് അണുബാധ ഏൽക്കുന്നതിനുള്ള സാധ്യത പരമാവധി കുറയ്ക്കുന്നതിന് ആധുനിക ശീതീകരണ സംവിധാനവും മറ്റ് സൗകര്യങ്ങളും ഇവിടെയുണ്ട്. 24 മണിക്കൂറും

പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാണ്. ആധുനിക സജ്ജീകരണങ്ങൾ ഉള്ള ഓപ്പറേഷൻ തിയേറ്ററിൽ പൊള്ളൽ രോഗികൾക്ക് ആവശ്യമുള്ള എല്ലാ ശസ്ത്രക്രിയകളും നടത്താനുള്ള സൗകര്യം ഉണ്ട്.

സോളാർഇലക്ട്രിക്പദ്ധതി-1 കോടി

മെഡിക്കൽ കോളേജ് അക്കാദമി ബ്ലോക്കിന്റെ മുകളിൽ സ്ഥാപിച്ച 150 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്കണക്റ്റഡ് സോളാർ പ്ലാന്റിൽനിന്നും ഈ കെട്ടിടത്തിലേക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. തന്മൂലം വൈദ്യുതി ചാർജ്ജ് ഇനത്തിൽ വലിയ തുക ലാഭിക്കാൻ കഴിയും. പ്ലാന്റിന്റെ 5 വർഷത്തെ പരിപാലനം പദ്ധതിയുടെ ഭാഗമാണ്.

ആംബുലൻസ് ട്രാക് നിർമ്മാണം-42 ലക്ഷം

നെഞ്ച് രോഗാശുപത്രിയിൽ നിന്നും പുതിയ ആശുപത്രിയിലേക്കുള്ള ഈ റോഡ് കോൺക്രീറ്റ് കട്ടകൾ ഉപയോഗിച്ച് പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയതോടെ രണ്ട് ആശുപത്രികൾക്കും ഇടയിലുള്ള വാഹന സഞ്ചാരം സുഗമമായിട്ടുണ്ട്.

സർജിക്കൽ ഓങ്കോളജി ഒപി&ഒടി-2 കോടി

നെഞ്ച് രോഗാശുപത്രിയിലെ സർജിക്കൽ ഓങ്കോളജി ഒപി വിഭാഗവും, ഡേകെയർ കെട്ടിടത്തിന്റെ മുകളിലെ സർജിക്കൽ ഒടി അനുബന്ധമുറികളും കാൻസർ രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യുന്നതിനും സർജിക്കൽ ഓങ്കോളജിസ്റ്റിനെ കാണുന്നതിനും ഒരു കടക്കീഴിൽ തന്നെ റേഡിയേഷൻ, സർജറി, കീമോതെറാപ്പി വിഭാഗങ്ങൾ കൊണ്ടു വരുന്നതിനും സഹായകമാകും.

ടെലികൊബാൾട്ട്മെഷീൻ-3.50 കോടി

വടക്കാഞ്ചേരി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3.5 കോടി രൂപ ചിലവഴിച്ച് വാങ്ങിച്ച ബാബട്രോൺ ടെലികോബാൾട്ട് മെഷീൻ റേഡിയേഷൻ രോഗികൾക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ശരാശരി 20 കാൻസർ രോഗികൾക്ക് ദിനംപ്രതി റേഡിയേഷൻ നൽകി വരുന്നു.

ട്രോമാകെയർ & ട്രയാജ്കെട്ടിടം-7.04 കോടി

പുതിയ ട്രയാജ് സംവിധാനം വന്നതോടുകൂടി എല്ലാ പ്രധാന മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ ഒരു ടീമായി അത്യാസന്ന നിലയിലുള്ള രോഗികളെ പരിചരിക്കുന്നതാണ്. മാത്രമല്ല ലാബ്, എക്സ്റേ, CT സ്കാൻ തുടങ്ങി

എല്ലാകാര്യങ്ങളും ഒരു കുടക്കീഴിൽ രോഗികൾക്ക് ലഭ്യമാണ്.

MRI സ്കാൻ-6.90 കോടി (RSBYഫണ്ട്)

1.5 ടെസ്ല എം.ആർ.ഐ സ്കാൻ 6.90 കോടി രൂപ ആർ.എസ്.ബി.ഐ ഫണ്ടിൽ നിന്നും ചിലവഴിച്ചാണ് സ്ഥാപിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യത്തെ എംആർഐ സ്കാൻ മെഷീനാണിത്.

ഡിജിറ്റൽറേഡിയോഗ്രാഫി-1.72 കോടി

ഡി.ആർ മെഷീൻ കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച നിലവാരമുള്ള എക്സ്-റേ ചിത്രങ്ങൾ നൽകുന്നു. അപകടത്തിപ്പെട്ട് വരുന്ന രോഗികളുടെ ചികിത്സാ സൗകര്യം പുതിയ ട്രോമ കെട്ടിടത്തിൽ സ്ഥാപിച്ച ഈ ഉപകരണം മെച്ചപ്പെടുത്തുകയും എക്സ്-റേ ഫിലിമുകളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യും.

ഡിജിറ്റൽഫ്ലൂറോസ്കോപ്പി-60 ലക്ഷം

ശരീരത്തിന്റെ ആന്തരിക അവയവങ്ങളുടെ പ്രത്യേക എക്സ്റേ എടുക്കുന്നതിനുള്ള ഉപകരണമാണ് ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി.

RBSK ട്രെയിനിങ്സെൻറർ-2.12 കോടി(NHMഫണ്ട്)

ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനങ്ങളും രക്ഷിതാക്കൾ, കെയർ ടേക്കർമാർ, ഫാക്കൽറ്റികൾ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികളും നൽകും.

ഇ-ഹെൽത്ത്പദ്ധതി-1.35 കോടി

ഓൺലൈൻ ഒ പി ടിക്കറ്റ് ബുക്കിങ്, ലാബ് ഫലങ്ങൾ മൊബൈൽ ഫോണിൽ ലഭിക്കുന്നതിനുള്ള സൗകര്യം, രോഗിയുടെ പെർമനന്റ് ഹെൽത്ത് റെക്കോർഡ് ആശുപത്രിയിൽ ഉണ്ടാകുന്നതുമൂലം രോഗിയുടെ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

നവീകരിച്ച പവർ ലോൺട്രി-60 ലക്ഷം

വളരെ പഴക്കം ചെന്ന ലോൺട്രിമെഷ്യനുകൾ ഒഴിവാക്കി പുതിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതോടെ ആശുപത്രിയിലെ ബെഡ്ഷീറ്റ് മുതലായ തുണികൾ കൂടുതൽ വൃത്തിയിൽ അലക്കുന്നതിനുള്ള സൗകര്യം സെൻട്രൽ ലോൺട്രിയിൽ ലഭ്യമായിട്ടുണ്ട്.

ബ്ലഡ്ബാങ്ക് നവീകരണം-56.5 ലക്ഷം

ബ്ലഡ്ബാങ്കിന്റെ സ്ഥല സൗകര്യം വർദ്ധിപ്പിക്കയകയും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ഉതകുംവിധം ഇലക്ട്രിക്കൽ ഇൻഫ്രാസ്ട്രക്ചർ തയ്യാറാക്കുകയും ചെയ്തു.

കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ-70 ലക്ഷം

മുലപ്പാൽ ഇല്ലാത്ത അമ്മമാരുടെ കുട്ടികൾക്ക് മുലപ്പാൽ നല്കുന്നതിന്ന് മുലപ്പാൽ സംഭരിച്ച് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഇതോടെ പുതിയ ആശുപത്രിയിൽ ലഭ്യമാണ്.

മോർച്ചറി കോംപ്ലക്സ് ജനറേറ്റർ-19 ലക്ഷം

മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ മോർച്ചറി കോംപ്ലെക്സിൽ സ്ഥാപിച്ചിരിക്കുന്ന ഈ ജനറേറ്റർ അവിടെ വൈദ്യുതി തടസ്സംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്.

പാരാമെഡിക്കൽ എഡ്യൂക്കേഷൻ ബിൽഡിംഗ് - 2 കോടി

പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കും മറ്റുമായി 2 കോടി രൂപ ചിലവിൽ പാരാമെഡിക്കൽ എഡ്യൂക്കേഷൻ ബിൽഡിംഗ് പണി പൂർത്തീകരിച്ചു.

പി ജി ക്വാർട്ടേഴ്സ് രണ്ടാം ഘട്ടം -3 കോടി

പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി മൂന്നു കോടി രൂപ ചിലവിൽ പി ജി ക്വാർട്ടേഴ്സ് രണ്ടാം ഘട്ടം പണി പൂർത്തീകരിച്ചു.

ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം -1.70 കോടി

സർജറികൾക്കിടയിൽ രോഗികളുടെ X RAY എടുക്കുന്നതിനും വിദഗ്ധരോഗ നിർണ്ണയത്തിനും രോഗി പരിചരണത്തിനുമായി 1.70 കോടി രൂപ ചിലവിൽ ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം എന്ന ഉപകരണം വാങ്ങിച്ചു.

ICU ആംബുലൻസ് -25 ലക്ഷം

25 ലക്ഷം രൂപ ചിലവിൽ ICU സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് വാങ്ങിക്കുകയുണ്ടായി. കൂടാതെ ഉദ്ദേശം 4 കോടി രൂപ ചിലവിൽ വിവിധ

ഉപകരണങ്ങൾ രോഗി പരിചരണത്തിനും രോഗ നിർണ്ണയത്തിനും മറ്റുമായി ഈ മെഡിക്കൽ കോളേജിലേക്ക് വാങ്ങിയിട്ടുണ്ട്.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്

- മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയാക്കി മാറ്റിയ ശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ചും വിവിധ സർക്കാർ പദ്ധതികൾ പ്രകാരവും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും ഉപകരണങ്ങൾ വാങ്ങുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടേയും ഹൗസ് സർജൻമാരുടേയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനകരമാകും വിധം പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട് .
- ആശുപത്രിയോടനുബന്ധമായി പ്രധാന കെട്ടിടത്തിലെ വിവിധ നിലകളെ ബന്ധിപ്പിച്ചു കൊണ്ട് റാമ്പ് നിർമിച്ചിട്ടുണ്ട്
- 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സജ്ജീകരിച്ചിട്ടുണ്ട്
- മെഡിക്കൽ കോളേജ് കാഷ്വാലിറ്റി നവീകരണ പ്രവർത്തനങ്ങൾ, ലേബർ റൂം വിപുലീകരണം, എംഐ സ്കാനിംഗ് സൗകര്യങ്ങൾ .ആർ . മെച്ചപ്പെടുത്തുന്നതിനായി ഇന്റർ വെക്ഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വോട്ടേഴ്സിന്റെ നിർമ്മാണം, വിവിധ ഐയു കളുടെ .സി. നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണപ്രവർത്തനങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നു വരുന്നുണ്ട്
- ആശുപത്രിയോട് ചേർന്ന് ക്ലിനിക്കൽ ബ്ലോക്ക്, റേഡിയോളജി കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം പിഡി ചുമതലയിൽ .ഡബ്ല്യ . ർമ്മിക്കുന്നതിനുള്ള ഭരണാനുമതികണ്ടെത്തിയിട്ടുള്ളതും ആയത് നിനബാർഡ് മുഖേന ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.
- സ്റ്റോർ കോംപ്ലക്സ് നിർമ്മാണ പ്രാരംഭ പ്രവർത്തികൾ നടന്നു വരികയാണ്.
- 5 ബാച്ചുകളിലായി അഞ്ഞൂറോളം വിദ്യാർത്ഥികൾ എംഎസ് കോ.ബി.ബി.ഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുകയും നിലവിൽ 5 ബാച്ചുകളിലായി 550 കുട്ടികൾ പഠിക്കുകയും ഒരു ബാച്ച് ഹൗസ് സർജൻസ് പരിശീലനം നടത്തുകയും ചെയ്തു വരുന്നു കൂടാതെ മൂന്ന് വകുപ്പുകളിലായി .2 വീതം പിജി സീറ്റുകൾക്ക് അനുമതി . .ലഭ്യമാകുകയും ക്ലാസ്സുകൾ നടന്നു വരുകയുമാണ്

- 103.86 കോടി രൂപ ചെലവഴിച്ച് മെസ്സേഴ്സ് കിറ്റ്കോ ചുമതലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ഹോസ്റ്റലുകൾ, ടീച്ചിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്ക് പ്രത്യേകം ക്വോട്ടേഴ്സുകൾ , ഇന്റേണൽ റോഡ്, ആഡിറ്റോറിയം എന്നീ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും അതിൽ ആഡിറ്റോറിയത്തിന്റെ സിവിൽ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ കെട്ടിടങ്ങളുടെയും സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മറ്റ് പ്രവൃത്തികൾ അവസാന ഘട്ടത്തിലുമാണ്. കൂടാതെ അക്കാദമിക് ബ്ലോക്ക് I & II പൂർത്തിയാക്കിയിട്ടുണ്ട്.
- PM ABHIM പദ്ധതി പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോട് ചേർന്ന് 23.75 കോടി രൂപ ചെലവിൽ പുതുതായി ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്സർക്കാർ . നിർമ്മാണ ചുമതല നൽകിയിട്ടുള്ള മെസ്സേഴ്സ് കിറ്റ്കോനിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം ഒരു ഓക്സിജൻ ജനറേറ്റർ മഞ്ചേരി മെഡിക്കൽ കോളേജിന് ലഭ്യമായിട്ടുണ്ട്പ്രസ്തുത പ്ലാന്റ് നിലവിൽ ആശുപത്രിയ്ക്ക് സമീപം . സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു കൂടാതെ ആശുപത്രിയോട് ചേർന്ന്.60 ലക്ഷം രൂപ ചെലവിൽ ഇഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു .
- വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ രണ്ടു നിലകളോടുകൂടിയ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കുടുംബശ്രീ മുഖാന്തിരം പ്രവർത്തിപ്പിക്കുന്നുണ്ട്.
- ഭിന്നശേഷി വയോജന സൗഹൃദ പരിസ്ഥിതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം രൂപ ചെലവഴിച്ച് ആർട്ടിഫിഷ്യൽ ലിമ്പ് സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്മേൽപദ ്ധതി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പ്രാരംഭ നടപടികൾ പുരോഗമിച്ചു വരികയാണ്.
- മഞ്ചേരി മെഡിക്കൽ കോളേജിൽ MRI മെഷീൻ വാങ്ങിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിൽ 7.1 കോടി രൂപ KMSCL ന് നൽകിയിട്ടുണ്ട്. ബാക്കി തുക കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി തുക കൂടി ലഭ്യമാകുന്ന മുറയ്ക്ക് MRI മെഷീൻ വാങ്ങാവുന്നതാണ്.
- 2.65 കോടി രൂപ )ERCP fund) ചെലവാക്കി കുട്ടികളുടെ ICU, വാർഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയാക്കി. ICU ബെഡുകൾ, HDU ബെഡുകൾ എന്നിവ അടങ്ങിയ നെഗറ്റീവ് പ്രഷർ സിസ്റ്റത്തോട് കൂടി പീഡിയാട്രിക് കെയർ

യൂണിറ്റാണ് ഇതുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ളത്ഇതിൻറെ നിർമ്മാണത്തോട് .
.കിത്സ ഉറപ്പാക്കാൻ സാധിക്കുന്നുകൂടി കുട്ടികൾക്കാവശ്യമായ ചി

- എഫ്ലുവന്റ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ നിർമ്മാണം ഗ്രീൻ മെത്തേഡ് പ്രകാരം പൂർത്തീകരിച്ചു.
- കുട്ടികളുടെ ഐ.സി.യു, എച്ച് ഡി.യു & വാർഡ് ന്റെ നിർമ്മാണം പൂർത്തിയാക്കി.
- എ ബ്ലോക്ക് സി ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വിശാലവും രോഗീ സൌഹൃദവുമായ റാമ്പ് നിർമ്മിച്ചു.

- മഞ്ചേരിയിൽ 15/07/2022 തിയ്യതിയിലെ ജി.ഓ (ആർ.ടി) 150/2022/ആ.കു.വ പ്രകാരം പ്രിൻപ്പാൾ ഉൾപ്പെടെ 7 അധ്യാപക തസ്തികകളും 11 അനധ്യാപക തസ്തികകളും സൃഷ്ടിച്ചുകൊണ്ട് ഒരു ബാച്ചിൽ 60 സീറ്റുകളുള്ള സർക്കാർ നഴ്സിംഗ് കോളേജ് പ്രവർത്തനം ആരംഭിച്ചു.
- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 11/02/2022 ലെ സർക്കാർ ഉത്തരവ് 34/2022/ആ.കു.വ പ്രകാരം 2 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

- 1.78 കോടി രൂപ മുടക്കി PWD മുഖാന്തരം കാഷ്വാലിറ്റി നവീകരിക്കുകയും കൂടുതൽ വിശാലമാക്കുകയും പുതിയ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.
- 1.20 കോടി രൂപ ചെലവഴിച്ച് Aബ്ലോക്കും B ബ്ലോക്കും ബന്ധിപ്പിക്കുന്ന റാംപ് പൊതുമരാമത്ത് വിഭാഗം മുഖാന്തരം നിർമ്മിച്ചിട്ടുണ്ട്രോഗികൾക്കും ., കൂട്ടിരിപ്പുകാർക്കും, ഡോക്ടർമാർക്കും സഞ്ചാരം അനായാസമാക്കുകയും നടക്കാൻ കഴിയാത്ത രോഗികളിൽ വിവിധ പരിശോധനകൾക്കായി wheel chair സ്ട്രക്ചർ മുഖാന്തരം എത്തിക്കുന്നതിന് റാമ്പ് പ്രയോജനകരമാണ്
- നാലര കോടി ചെലവഴിച്ച് KHRWS മുഖാന്തരം ആധുനിക 128 slice CT സ്കാൻ മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.MRI യും CT സ്കാനും നിലവിൽ വന്നാൽ പ്രൈവറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് കുറച്ച് രോഗികൾക്ക് സർക്കാർ തലത്തിൽ സ്കാനിംഗ് സൗകര്യം ഒരുക്കാവുന്നതാണ്.
- HDU,NICU,SNCU എന്നിങ്ങനെ മൂന്നു ICU കളുടെ സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ച് ഇലക്ട്രിക്കൽ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.
- 80 ലക്ഷം രൂപ ചെലവഴിച്ച ബഹുമാനപ്പെട്ട MP ശ്രീ അബ്ദുൽ സമദ് സമദാനി അവർകളുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് ഡയാലിസിസ് യൂണിറ്റ്

സജ്ജമാക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നുകൂടാതെ ബഹുമാനപ്പെട്ട എംഎൽഎ ശ്രീ അഡ്വക്കേറ്റ് A ലത്തീഫ് അവർകളുടെ മഞ്ചേരി നിയോജക ) (മണ്ഡലംപ്രകാരം 25 ലക്ഷം രൂപ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് അനുവദിച്ചിട്ടുണ്ട് ആയതിന്റെ . തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും 21.82 ഏക്കർ സ്ഥലത്താണ് നിലവിൽ സ്ഥിതിചെയ്യുന്നത്പുതുതായി നിർമ്മിച്ച . കെട്ടിടങ്ങളുടേയും ആശുപത്രിയുടേയും തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ 28/2019/ ആവ .ക. തീയതി16/02/2019 പ്രകാരം 13,81,88,970/- രൂപയുള്ള ഭരണാനുമതി ഉത്തരവായിരുന്നു. മേൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി വേണ്ടി വരുന്ന 5 ശതമാനത്തിൽ കുറയാത്ത കണ്ടിജൻസി തുകയായ 50 ലക്ഷം രൂപ സർക്കാറിൽ നിന്നും ലഭ്യമാകുകയും ആയത് മലപ്പുറം എൽ എ സ്പെഷ്യൽ തഹസിൽദാർക്ക് ഡെപ്പോസിറ്റ് .ചെയ്തു നൽകിയിട്ടുള്ളതുമാണ്പ്രസ്തുത ഭൂമി സംബന്ധമായി സാമൂഹ്യ ആഘാത പഠനം . നടത്തുകയും ആയതിന്റെ പഠന റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിക്കുകയും മേൽ .റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്ചെങ്ങണ ബൈപ ്പാസിൽ നിന്നും മെഡിക്കൽ കോളേജിലേക്ക് അനുബന്ധ റോഡ് നിർമ്മി ക്കുന്നതിനും, കെഎസ്., ബി സബ്സ്റ്റേഷൻ നിർമ്മാണത്തിനുമായും, അടിസ്ഥാന സൌകര്യ വികസനത്തിനുമായും ടി ഭൂമി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

## കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്

1. ആകാശപാത

കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ, സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നീ ആശുപത്രികളെ ബന്ധിപ്പിച്ചുകൊണ്ട് ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിച്ച് 07/02/2022 ന് ബഹു. പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ.മുഹമ്മദ് റിയാസ് ഉദ്ഘാടനം നടത്തി രോഗികൾക്കും ജീവനക്കാർക്കുമായി തുറന്നു കൊടുത്തു. ബി.പി.സി.എൽ ന്റെയും കോഴിക്കോട് മെഡിക്കൽ കോളേജ് അലുമിനി അസോസിയേഷന്റെയും സാമ്പത്തിക സഹായത്തോടെ രണ്ട് കോടി രൂപയുടേതാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

2. മിൽക്ക് ബാങ്ക്

ആശുപത്രിയിലുള്ള നവജാത ശിശുക്കൾക്ക് നൽകിയ ശേഷം ബാക്കി വരുന്ന മുലപ്പാൽ മിൽക്ക് ബാങ്കിലേക്ക് അമ്മമാർ ഡൊനേറ്റ് ചെയ്യുകയും മുലപ്പാൽ കറവുള്ള അമ്മമാർക്ക് അവരുടെ കുഞ്ഞിന് ഈ മിൽക്ക് ബാങ്കിൽ നിന്നും മുലപ്പാൽ വാങ്ങി നൽകാൻ കഴിയുന്നതുമാണ്. പ്രീടേം ബേബികൾക്ക് ഈ പദ്ധതി വഴി മികച്ച പ്രതിരോധ ശക്തി ലഭിക്കുന്നതാണ്. ഈ പദ്ധതിക്കുള്ള ഫണ്ട് NHM ആണ് നൽകുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 17/09/2021 ന് ഉദ്ഘാടനം നടത്തി.

3. ഹോസ്റ്റൽ

ഹൗസ് സർജന്മാരുടെ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2020-21 കാലയളവിൽ 5 കോടിയുടെ ഭരണാനുമതി ലഭിച്ചു. ആൺകുട്ടികൾക്കായുള്ള സ്റ്റുഡൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2021-22 കാലയളവിൽ 8.40 കോടിയുടെ ഭരണാനുമതി ലഭിച്ചു. 250 വിദ്യാർത്ഥികൾക്കായുള്ള മെൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ മൂന്നര കോടിയുടെ ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പോസ്റ്റ് പാർട്ടം യൂണിറ്റിനായി രണ്ടര കോടിയുടെയും ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

4. മേജർ ഓപ്പറേഷൻ തിയേറ്റർ

മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഭാഗമായുള്ള മേജർ ഓപ്പറേഷൻ തിയേറ്റർ ആധുനികവൽക്കരിക്കുന്ന തിനായി 2021-22 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷത്തിന്റെയും, 80 ലക്ഷത്തിന്റെയും ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

തൃതീയ ക്യാൻസർ സെന്റർ അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനായി 2021-22 കാലയളവിൽ 1 കോടിയുടെ ഭരണാനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു.

5. പി.എം.എസ്.എസ്.വൈ ബ്ലോക്ക്

കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച പി.എം.എസ്.എസ്.വൈ പ്രോജക്റ്റിന് വേണ്ടി കേന്ദ്ര വിഹിതമായി 120 കോടിയും സംസ്ഥാന വിഹിതമായി 75.93 കോടി രൂപയും അനുവദിച്ചു. 7 നിലകളുള്ള (G + 6) കെട്ടിടത്തിൽ 7 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, ഓപ്പറേഷൻ തിയേറ്ററുകൾ, തീവ്രപരിചരണ യൂണിറ്റുകൾ, IPD, ഫാക്കൽറ്റി ഏരിയ എന്നിവ ഉൾക്കൊള്ളാൻ രൂപകൽപ്പന ചെയ്തിരിക്കുന്നു. ആക്സിഡന്റ്

115

ആന്റ് എമർജൻസി കെയർ, 5 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ 500 ബെഡുകൾ (190 ഐ.സി.യു. ബെഡുകൾ ഉൾപ്പെടെ), 19 മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ 10 തീവ്ര പരിചരണ യൂണിറ്റുകൾ ബെഡുകൾ ഉൾപ്പെടുന്നതാണ്. സിസിടിവി സംവിധാനം, ഡാറ്റാ സംവിധാനം, പിഎ സിസ്റ്റം ലിഫ്റ്റുകൾ തുടങ്ങിയവ കെട്ടിടത്തെ രോഗീസൗഹൃദ ആശുപത്രിയാക്കുന്നതിന് നിർദ്ദിഷ്ട കെട്ടിടത്തിൽ ലഭ്യമാണ്. താഴെപ്പറയുന്ന വകുപ്പുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

a). അനസ്തേഷ്യോളജി

b). കാർഡിയോ വാസ്കുലാർ, തൊറാസിക് ശസ്ത്രക്രിയ

c). എമർജൻസി മെഡിസിൻ

d). പ്ലാസ്റ്റിക് സർജറി

e). യൂറോളജി

f). ന്യൂറോ സർജറി

g). സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി

പ്രസ്തുത കെട്ടിടം നിർമ്മാണം പൂർത്തിയാക്കി 2023 മാർച്ച് നാലിന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു.

6. ക്രിട്ടിക്കൽ കെയർ യൂണിറ്റ്

2022-23 സാമ്പത്തിക വർഷത്തിൽ 71,94,400/- രൂപ അനുവദിച്ച് ആരംഭിച്ച ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നെഞ്ച് രോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

7. മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി

സമഗ്രമായ ഡയഗ്നോസ്റ്റിക് സേവനം നൽകാൻ കഴിയുന്ന മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി എന്ന ആശയം ആരോഗ്യ മാനേജ്മെന്റിൽ പ്രാധാന്യമർഹിക്കുന്നു. സർക്കാർ സജ്ജീകരണങ്ങളിൽ പ്രത്യേകിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിന് ഇപ്പോഴും ഇടം ലഭിച്ചിട്ടില്ല. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് മുൻകൈയെടുത്ത് ഒരു അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിച്ചു. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കുറഞ്ഞ നിരക്കിൽ വിശ്വസനീയമായ തന്മാത്രാ അധിഷ്ഠിത പരിശോധനകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് ഇത്. ഡയഗ്നോസ്റ്റിക് മോളിക്യുലാർ ബയോളജിയിൽ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുകയും പദ്ധതി ലക്ഷ്യം വെക്കുന്നു. 2018-19 ൽ 1.2 കോടിയും,

2022-23 ൽ 3 കോടിയും ഇതിനായി അനുവദിച്ചിട്ടുണ്ട്.

8. <u>ലെവൽ 1 ട്രോമ കെയർ സെന്റർ</u>

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമ കെയർ സെന്റർ നിർമ്മിക്കുന്നതിന് 8 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി, 7,98,91,000/- അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2022-23 വർഷത്തിൽ 3 കോടിയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി PWD ആണ് നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി പൈൽ ക്യാപ്പിങ് ആരംഭിച്ചു.

Respiratory Medicine വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

നെഞ്ചുരോഗാശുപത്രിയിൽ നെഗറ്റീവ് പ്രഷർ സംവിധാനത്തോടുകൂടിയ ഐ ആർ സി യു, സി സി ടി വി, സെൻട്രലൈസ്ഡ് ഓക്സിജൻ തുടങ്ങിയവ സ്ഥാപിച്ചു.

9. <u>കോഴ്സുകൾ</u>

2023-24 സാമ്പത്തിക വർഷത്തിൽ BSc RTT (റേഡിയോ തെറാപ്പി ടെക്നോളജി) BSc MIT (മെഡിക്കൽ ഇമേജിങ് ടെക്നോളജി) കോഴ്സുകൾ ആരംഭിച്ചു. BSc NMT, BASLP കോഴ്സുകൾ നടത്തുന്നതിന് അനുമതി ലഭിച്ചു.

- ഡയാലിസിസ് വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് മാരുടെ നാല് തസ്തികകൾ സൃഷ്ടിച്ചു.

<u>വയനാട് സർക്കാർ മെഡിക്കൽ കോളേജ്</u>

വയനാട് സർക്കാർ മെഡിക്കൽ കോളേജിനെ മാതൃശിശു സൗഹൃദ ആശുപത്രിയായി പ്രഖ്യാപിക്കുകയുണ്ടായി. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ രണ്ട് നിലകളും പഴയ ആശുപത്രി കെട്ടിടത്തിലെ ഒഴിയാൻ സാധ്യതയുള്ള ഏതാനും വാർഡുകളും കൂടി ഉപയോഗപ്പെടുത്തി 2024-25 വർഷത്തിൽ MBBS അഡ്മിഷൻ ആരംഭിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു. ശിശുരോഗ വിഭാഗത്തിൽ PICU and HDU 2023-ൽ ആരംഭിച്ചു വയനാട് മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗം നിരവധി പരിശീലന പരിപാടികളും അവബോധ സെമിനാറുകളും ജില്ലയിലുടനീളം നടത്തി വരുന്നു. വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രവൃത്തിപഥത്തിലെത്തിയതിനെ തുടർന്ന് സർക്കാർ തലത്തിൽ OMFS വിഭാഗം പ്രവർത്തനം ആരംഭിക്കുകയും വയനാട് ജില്ലയിൽ മെച്ചപ്പെട്ട ശുശ്രൂഷ പ്രദാനം ചെയ്യാൻ ഉതകുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തന

സജ്ജമായിട്ടുള്ളതാണ്. OMFS വിഭാഗം വയനാട് സർക്കാർ മെഡിക്കൽ കോളേജ് രൂപീകൃതമായ ശേഷം പ്രസ്തുത വിഭാഗത്തിൻറെ പ്രവർത്തനം ശ്ലാഘനീയമായി വിലയിരുത്തപ്പെടുന്നു. വയനാട് സർക്കാർ മെഡിക്കൽ കോളേജ് നിലവിൽ വന്നതിനു ശേഷം ഏറ്റവും വലിയ വിഭാഗമായിമാറിയിട്ടുണ്ട്. സർജറി വിഭാഗം 2023 വർഷം പിന്നിടുമ്പോൾ മെഡിക്കൽ കോളേജ് സർജറി വിഭാഗം 537 സർജറികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈഷമ്യമേറിയ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തികരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒ.പി വിഭാഗവും എടുത്തുപറയത്തക്കതാണ്. വയനാട് സർക്കാർ മെഡിക്കൽ കോളേജ് നിലവിൽ വന്നതിനു ശേഷം Laproscopic Surgeries for Appendix gall bladder hernis and various other laproscopic surgeries cancer surgeries for breast cancer rectal cancer and other various malignancies ചെയ്തു വരുന്നു 100 ഓളം endoscopic procedures ഈ കാലയളവിൽ ചെയ്തിട്ടുണ്ട്. Antimicrobial resistance awareness and antibiotic stewardship activities എന്നിവയിൽ പരിശീലനം ജില്ലയിലുടനീളം മൈക്രോബയോളജി വിഭാഗം നൽകി വരുന്നു. KARSAP പ്രോജക്റ്റിന്റെ ഭാഗമായി ആരോഗ്യ വകുപ്പിനെ കൂടി ഉൾപ്പെടുത്തി ബാക്ടീരിയോളജി ലബോറട്ടറി സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻഫെക്ഷൻ കൺട്രോൾ ആക്ടിവിറ്റിസിന്റെ ഭാഗമായി പരിശീലന പരിപാടികളും ബോധവത്കരണവും നടത്തി വരുന്നു മൈക്രോബയോളജി ഹോസ്പിറ്റലുകളിൽ നടപ്പാക്കി വരുന്നു ജനറൽ മെഡിസിൻ, റെസ്പിറേറ്ററി മെഡിസിൻ, ഓർത്തോപീഡിക്സ്, റേഡിയോ ഡയഗ്നോസിസ് , ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, ഗൈനക്കോളജി, ഒഫ്ത്താൽമോളജി,ഇ.എൻ.ടി, അനസ്തേഷ്യ, സൈക്യാട്രി, ഫോറൻസിക് മെഡിസിൻ, തുടങ്ങിയ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതിനാൽ ആതുരർക്ക് മെച്ചപ്പെട്ട രീതിയിലുള്ള വിദഗ്ധ ശുശ്രൂഷ ലഭ്യമായി വരുന്നു. വയനാട് ജില്ലയിൽ ഉണ്ടായ വന്യമൃഗ ആക്രമണങ്ങളിൽ 17 കേസുകൾ വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സിക്കുകയുണ്ടായി രണ്ട് കേസുകൾ വിദഗ്ധ ചികിത്സയ്ക്ക് റഫർ ചെയ്യപ്പെട്ടിട്ടുണ്ട്. വിവിധ വിഭാഗ സർജറികൾക്കായി അനിസ്തേഷ്യ വിഭാഗം രണ്ടായിരത്തിലധികം കേസുകൾ കൈകാര്യം ചെയ്തിട്ടുണ്ട്.

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്**

1. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

   മെയിന്റനൻസ് ഫേസ് - I -29.78 കോടി

   ട്രോമകെയർ ഫേസ് - I - 57.69 കോടി

   ട്രോമകെയർ ഫേസ് - II - 37.48 കോടി

- മെയിന്റനൻസ് ഫേസ് I- 35.52 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2023 ജനുവരി 18 ന് പ്രവർത്തി പൂർത്തിയാക്കാനായിരുന്നു കരാർ. എന്നാൽ ഏകദേശം 90% പ്രവൃർത്തിയാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്.
- ട്രോമാകെയർ ഫേസ് II - 88.4 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. വർക്കുകളുടെ ആർക്കിടെക്ചറൽ ഡ്രോയിങ്ങ് IIT ചെന്നൈയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
- ട്രോമകെയർ ഫേസ് II - ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

2. 02.03.2019 ന് സർക്കാർ ഏറ്റെടുത്ത കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ വിവിധ തിയ്യതികളിലായി ഡോക്ടർമാരുടെ 278 തസ്തികകളും, നേഴ്സിംഗ് വിഭാഗം ജീവനക്കാരുടെ 521 തസ്തികകളും, മറ്റു വിഭാഗം ജീവനക്കാരുടെ 772 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.
3. 2021-22 ൽ പ്ലാൻ ഫണ്ടിൽ നിന്നും 106985000(പത്ത് കോടി അറുപത്തി ഒമ്പത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രഫി, ഐ.എ.ബി.പി മെഷീൻ, ഹാർട്ട് ലങ്ങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയവ) വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇതുമൂലം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം സാധ്യമാകുന്നു. കൂടാതെ ക്യാൻസർ ചികിത്സക്കായി 2,50,00,000/- രൂപ ചെലവിൽ ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും അദർ ചാർജജസ് എന്ന ശീർഷകത്തിൽ അനുവദിച്ച 1,99,04,000(ഒരു കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപ ഉപയോഗിച്ച് വിവിധ ചെറുകിട ഉപകരണങ്ങൾ വാങ്ങി ആശുപത്രി പ്രവർത്തനം സുഗമമായി നടത്തി വരുന്നു. 2022-23 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 9,90,55,000(ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 41137000(നാല് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ മാത്രം) രൂപയുടേയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 2023-24 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 8 കോടി രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.5 കോടി രൂപയുടേയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ഉപകരണങ്ങളുടെ സഹായത്തോടു കൂടി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ

എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ സാധിക്കും. 2024-25 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 8 കോടി രൂപയും മറ്റ് സാധനങ്ങൾ വാങ്ങുന്നതിന് 4.5 കോടിയും അനുവദിച്ചിട്ടുണ്ട്.

4. കണ്ണൂർ ഗവ.മെഡിക്കൽ കോളേജിന്റെ ജല സംസ്കരണശാലയുടെ അറ്റകുറ്റപണിക്ക് പ്ലാൻ ഫണ്ടിൽ 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസിയായ IRTC പ്രവർത്തി നടത്തി വരുന്നു.
5. Registration cum waiting area നിർമ്മാണത്തിനായി (Creation of Patient Friendly Hospital Environment-DME) പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ആർകിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു.
6. ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റ പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 20601000( രണ്ട് കോടി ആറ് ലക്ഷത്തി ആയിരം) രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു പ്രവർത്തി പൂർത്തീകരിച്ചു.
7. 2021-22 ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി. 2022-23 Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും വിവിധ ജോലികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്, രണ്ട് റാമ്പിന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
8. പാരാമെഡിക്കൽ ഹോസ്റ്റൽ, നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021 ൽ 22.71 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 2021-22, 2023-24 എന്നീ സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ വീതം ലഭിക്കുകയും ചെയ്തു. ആർക്കിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
9. പി.ജി ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021-22 ൽ 28.16 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 2 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിരുന്നു. ആർക്കിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കി. സ്ട്രക്ചറൽ ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
10. ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണത്തിനായി മൈനർ

വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി. ടെക്നിക്കൽ അനുമതിക്ക് വേണ്ടി കാത്തിരിക്കുകയാണ് എന്ന് പൊതുമരാമത്ത് വിഭാഗം അധികാരികൾ അറിയിച്ചു.

11. ഇ-ഹെൽത്ത് പ്രൊജക്ട് പ്രവർത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചു വരികയാണ്.
12. ബഹുമാനപ്പെട്ട കല്യാശ്ശേരി എം.എൽ.എ ശ്രീ. ടി.വി രാജേഷിൻറെ ആസ്തി വികസന ഫണ്ട് (11.77 ലക്ഷം രൂപ) ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്.
13. കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചെലവിട്ട് നിർമ്മിച്ച 400 മീറ്റർ സിന്തറ്റിക്ക് ട്രാക്കിൻറെയും 58 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഫുട്ബോൾ ഗ്രൗണ്ടിൻറെയും ഉദ്ഘാടനം നിർവഹിച്ചു.
14. എച്ച്.ഡി.എസ് ഫണ്ട് ഉപയോഗിച്ച് ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണ ശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.
15. മൈനർ വർക്ക്സ് ശീർഷകത്തിൽ Revamping of roofing the terrace level of existing examination hall area - ക്ക് വേണ്ടി 85 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് നൽകുകയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.
16. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഈ ആശുപത്രിയിൽ ഓക്സിജൻ ജനറേഷൻ പ്ലാൻറ് നിർമ്മിച്ചു. ആയതിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ 30 ലക്ഷം രൂപ അനുവദിച്ചത് എൻ.എച്ച്.എം ആണ്. ഇതിലേക്ക് ആവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴിയാണ് ലഭിച്ചത്.
17. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് 14,45,000/- രൂപ ചെലവിൽ ഹൈ ഡിപ്പൻറൻസി യൂണിറ്റ് സ്ഥാപിച്ചു.
18. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് കേന്ദ്ര സർക്കാരിൻറെ PMCARES ഫണ്ട് ഉപയോഗിച്ച് അതിഥി തൊഴിലാളികൾക്കായി 4,79,994/-(നാല് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ ചെലവിൽ മൈഗ്രൻറ് വാർഡ് നിർമ്മിച്ചു.
19. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക്ക് സർജറി വിഭാഗം ആരംഭിച്ചു.
20. 2023-24 സാമ്പത്തിക വർഷത്തിൽ മൈനർ വർക്ക്സ് ശീർഷകത്തിൽ വിവിധ വർക്കുകൾക്ക് വേണ്ടി 2.15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 2024-25

121

സാമ്പത്തിക വർഷത്തിൽ 2.15 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

21. ബഹുമാനപ്പെട്ട കല്യാശ്ശേരി എം.എൽ.എ ശ്രീ. എം. വിജിൻറെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2 ഹൈമാസ് ലൈറ്റും, 2 മിനി മാസ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്.
22. ബഹുമാനപ്പെട്ട കല്യാശ്ശേരി എം.എൽ.എ ശ്രീ. എം. വിജിൻറെ ആസ്തി വികസന ഫണ്ട് 4,60,000/- (നാല് ലക്ഷത്തി അറുപതിനായിരം) രൂപ ഉപയോഗിച്ച് 12 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്.
23. ബഹുമാനപ്പെട്ട കല്യാശ്ശേരി എം.എൽ.എ ശ്രീ. എം. വിജിൻറെ ആസ്തി വികസന ഫണ്ട് 35,00,000/-(മുപ്പത്തി അഞ്ച് ലക്ഷം) രൂപ ഉപയോഗിച്ച് 49 സീറ്റ് ബസ് വാങ്ങി
24. Viral Research Diagnostic Laboratory (VRDL) സ്ഥാപിക്കുന്നതിനും നടത്തിപ്പിനുമായി 1.971 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
25. ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.
26. 15 പി.ജി സീറ്റുകൾ അധികമായി ലഭിച്ചു.
27. മലിനജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തിക്ക് 74.93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവൺമെൻറ് അക്രഡിറ്റസ് ഏജൻസിയായ IRTC ക്ക് (പാലക്കാട്) 29.09.2023 ന് വർക്ക് ഓഡർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
28. വൈദ്യുതി നിരക്ക് ഗവൺമെൻറിലേക്ക് മാറ്റുന്നതിനുള്ള 1.79 കോടിയുടെ പ്രവൃത്തിക്കായി തുക എച്ച്.ഡി.എസ് ഫണ്ട് ഉപയോഗിച്ച് കെ.എസ്.ഇ.ബി ക്ക് കൈമാറി പ്രവൃത്തി ആരംഭിച്ചു.
29. കണ്ണൂർ ഗവൺമന്റ് ദന്തൽ കോളേജിലെ മാക്സിലോഫേഷ്യൽ സർജറി വിഭാഗത്തിൽ ആക്സിഡന്റ് കേസുമായി ബന്ധപ്പെട്ട് രോഗിയുടെ മുഖത്തെ പരിക്കുകൾ ഗ്രാഫ്റ്റ് ചെയ്യുന്നതിന് 35 ലക്ഷം രൂപ ചെലവഴിച്ച് പീസോ ഇലക്ട്രിക് സർജറി യൂണിറ്റ് സ്ഥാപിച്ചത് പ്രധാന നേട്ടമാണ്.

<u>കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്</u>

- അക്കാദമിക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- കോവിഡ് കാലത്ത് അക്കാദമിക് കെട്ടിടത്തിൽ കോവിഡ് ആശുപത്രിയുടെ സംവിധാനങ്ങൾ ഏർപ്പെടുത്തി.
- നിലവിൽ അക്കാദമിക് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒ.പിയും ഒന്നാമത്തെ നിലയിൽ നഴ്സിംഗ് കോളേജും പ്രവർത്തിക്കുന്നു.
- അക്കാദമിക് ബ്ലോക്കിൽ എലിവേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്ക് 57% പൂർത്തീകരിച്ചു.

- ഗേൾസ് ഹോസ്പിറ്റലിന്റെയും ടീച്ചിംഗ് ക്വാർട്ടേഴ്സിന്റെയും സിവിൽ വർക്ക് 90% പൂർത്തീകരിച്ചു
- കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ 7 ഡിപ്പാർട്ടുമെന്റുകളിലായി ഒ.പി പ്രവർത്തനം ആരംഭിച്ചു.
- കാസർഗോഡ് മെഡിക്കൽ കോളേജിന് പ്രിൻസിപ്പൽ തസ്തിക അനുവദിച്ചു. റേഡിയോളജി സേവനങ്ങൾക്ക് ആവശ്യമായ AERB രജിസ്ട്രേഷൻ ലഭിച്ചു.
- കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിനു അനുബന്ധമായി സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജ് അനുവദിക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ